# വേർപാട്

010

**അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി**
**നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം**

## ദശവർഷം പിന്നിടുന്ന
## രഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്




ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരണം

# വേർപാട്
## വാർത്താ പത്രിക



## എഡിറ്റോറിയൽ ടീം
## EDITORIAL TEAM


**ചീഫ് എഡിറ്റർ**

ഡോ. ജോൺസൺ സി. ഫിലിപ്പ്

**മാനേജിംഗ് എഡിറ്റർ**

ഡോ. സനീഷ് ചെറിയാൻ

**എഡിറ്റോറിയൽ ബോർഡ്**

1. സ്കറിയ വർഗീസ്
2. ഏബ്രഹാം തോമസ്, കൊച്ചി
3. പി.ഇ. സാംകുട്ടി
4. അലക്സാണ്ടർ കോശി

**ഓവർസീസ് എഡിറ്റോറിയൽ ബോർഡ്**

ഡോ. സണ്ണി എഴുമറ്റൂർ, യു.എസ്.എ.
ഡോ. കെ.എം. ശമുവേൽ, കെനിയ
നോയൽ ഡാനിയേൽ, യു.എസ്.എ.
ജോൺ ഏബ്രഹാം, ദുബായ്

**പബ്ലിഷർ**

ജിജോ സി. ജോർജ്ജ്

**ഡിസൈൻ & ലേ ഔട്ട്**

ലോഗോസ് മീഡിയ

**പ്രിന്റിംഗ്**

മാപ്തോ പ്രിന്റിംഗ്സ്, കളമശ്ശേരി

**ഡോക്ട്രിനൽ അഡ്വൈസറി ബോർഡ്**

1. കെ.എ. ഫിലിപ്പ്
2. ഫിലിപ്പ് ഏബ്രഹാം
3. ഇ.ജെ. പൈലി
4. പി.പി. ജോർജ്ജ്
5. ജോർജ്ജ് പീറ്റർ
6. എം.സി. ജോർജ്ജ്
7. ജോസ് മാങ്കുടി
8. എസ്.കെ. ഡേവിഡ്
9. കെ.വി. ഐസക്
10. വി.എം. പോൾ
11. കെ. ഗോപിനാഥൻ
12. ഡോ. പി.എം. ജോർജ്ജ്കുട്ടി
13. പ്രൊഫ. മാത്യൂസ് ഏബ്രഹാം
14. സി.ഒ. ഡേവീസ്
15. റെജി. കെ. തോമസ്

**മീഡിയ കൺസൾട്ടന്റ്സ്**

1. ഫിലിപ്പ് കെ. ആൻഡ്രൂസ്
2. ജോൺ സെബാസ്റ്റ്യൻ
3. പ്രമോദ് തോമസ്
4. സജി ഇടിക്കുള
5. റെജി കെ. പോൾ

**മാനേജിംഗ് കമ്മിറ്റി**

1. ഡോ. ബഞ്ചമിൻ ഏബ്രഹാം
2. വിക്ടർ ജോർജ്ജ് കുര്യാക്കോസ്
3. സാമുവേൽ പി. വർക്കി
4. രഞ്ജിത്ത് കുമാർ
5. വർക്കി ജോർജ്ജ്
6. രാജു കെ. തോമസ്
7. തോംസൺ കെ. പോൾ


**വാർത്തകളും കത്തുകളും അയക്കേണ്ട വിലാസം**


**Saneesh Cherian,** Logos Bhavan
Maneed P.O., Ernakulam 686726, Kerala
Mob : 9497479976
E-mail : BrethrenAssemblyNews@gmail.com
Website : www.BrethrenAssemblyNews.com


## താങ്കൾക്കും പങ്കാളിയാകാം




വേർപാടു സഭകളുടെ നന്മയും ആത്മീകാഭിവൃദ്ധിയും മാത്രം ലക്ഷ്യമാക്കി വിശ്വാസത്താൽ നടത്തപ്പെടുന്ന ഒരു ആത്മീക ശുശ്രൂഷയാണ് വേർപാട് വാർത്താ പത്രിക. ഈ പ്രസിദ്ധീകരണം സൗജന്യമായാണ് ദൈവജനത്തിനു ലഭിക്കുന്നത്. ഒരു വർഷം ഈ പ്രസിദ്ധീകരണം താങ്കൾക്കു അയച്ചു തരുന്നതിന് 100 രൂപ ചെലവുണ്ട്. ഈ പ്രസിദ്ധീകരണത്തിന്റെ സുഗമമായ പ്രവർത്തനത്തിന് സ്വമേധാ ദാനങ്ങൾ അയച്ചു തന്നാൽ രസീത് അയച്ചു തരുന്നതും വർഷാവസാനം റിപ്പോർട്ടു നൽകുന്നതുമാണ്. സംഭാവനകൾ അയക്കുന്നവർ സനീഷ് ചെറിയാൻ എന്ന പേരിൽ അയച്ചാലും. വേർപാടു വാർത്താപത്രിക താങ്കൾക്കു ഇഷ്ടപ്പെട്ടു എന്നു ഞങ്ങൾ കരുതുന്നു. തുടർന്നും ലഭിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഞങ്ങൾക്കെഴുതുക.

# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

Volume 10 March. 2012


## ഉള്ളടക്കം


02





ദശവർഷം പിന്നിടുന്ന രഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് 03

വേർപാട് ന്യൂസ് 07

കർത്തൃശുശ്രൂഷകൻ ശീമോൻ സി.വി 11

വേദവിജ്ഞാനം ഉൽപത്തി പുസ്തകം 12

വേർപാട് വ്യക്തിമുദ്രകൾ കെ. എ. ഫിലിപ്പ് 13


## എഡിറ്റോറിയൽ

# ബോൺസായിയും നമ്മുടെ കുഞ്ഞുങ്ങളും

ആൽമരം പോലുള്ള പടുവൃക്ഷങ്ങളെ ഒരു ചെടിച്ചട്ടിയിൽ ആകത്തക്കവണ്ണം കൃത്രിമ മാർഗ്ഗങ്ങളിലൂടെ വളർച്ച മുരടിപ്പിക്കുന്ന രീതിയാണ് ബോൺസായ് എന്നറിയപ്പെടുന്നത്. സസ്യം പ്രായമാകയും അതിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കയും ചെയ്യുമെങ്കിലും മുരടിച്ച അവസ്ഥയിലായിരിക്കും സ്ഥിതി ചെയ്യുക.

ഈ നിലയിൽ മുരടിച്ചു നിൽക്കുന്ന സസ്യങ്ങൾ ഒരു പക്ഷെ കണ്ണിനു കൗതുകവും ആസ്വാദ്യവുമാകാം. എന്നാൽ അതു പ്രയോജനരഹിതമാണ്. ഇതുപോലെ തന്നെ ആത്മീക രംഗത്തും സംഭവിക്കുന്നതായി കാണാം. ആത്മീക വളർച്ച മുരടിച്ചാലും ഈ ആകർഷണീയതയും പ്രയോജനമില്ലായ്മയും ഉണ്ടാകുമെന്നറിയുന്ന പിശാച് പല തന്ത്രങ്ങളിലൂടെ വളർച്ച മുരടിപ്പിച്ചുകളയാൻ ശ്രമിക്കും.അ ത്തരംവ ിശ്വാസികൾപ ുറമെ്ര പായത്തിന്റെ രൂപം പ്രകടിപ്പിക്കുമെങ്കിലും ആത്മീകമായി മുരടിച്ച അവസ്ഥയിലായിരിക്കും.

കഴിഞ്ഞ ദശാബ്ദം അനേകം കുഞ്ഞുങ്ങളെ വേർപാട് സഭകൾക്കു നഷ്ടമായി. അവർ ശാരീരികമായി വളർന്നുവെങ്കിലും ആത്മീകമായി മുരടിച്ചു  പോയി. ഈ പ്രവണതയെ നമുക്ക് 2012 ൽ ചെറുത്തു നിൽക്കാം.

1. ഭവനപ്രാർത്ഥനയെ ആത്മാർത്ഥമായി ക്രമീകരിക്കാം. കുടുംബാംഗങ്ങൾ തമ്മിലുള്ള ആത്മീക കൂട്ടായ്മയുടെ വിളനിലമാകട്ടെ കുടുംബപ്രാർത്ഥനകൾ.
2. കുഞ്ഞുങ്ങളുടെ ആത്മീക ജീവിതത്തെ മുരടിപ്പിക്കുന്ന പരദൂഷണപരവും വിമർശനപരവുമായ സംസാരങ്ങൾ കുടുംബങ്ങളിൽ നിന്നും അകറ്റി നിർത്താം.
3. വേദപുസ്തക ഉപദേശങ്ങളെയും, വേർപാട് സത്യങ്ങളെയും, വേർപാടു ശുശ്രൂഷകരെയും വിശ്വാസികളെയും ആക്രമിക്കുന്നതും അവഹേളിക്കുന്നതുമായ പ്രസിദ്ധീകരണങ്ങൾ നമ്മുടെ ഭവനങ്ങളിൽ നിന്നും ഒഴിവാക്കാം. നമ്മുടെ കുഞ്ഞുങ്ങൾ ആത്മീകമായി മുരടിച്ചുപോകരുതല്ലോ.
4. വേർപാടു സഭകളുടെ ഉപദേശ ശുദ്ധിയെയും നന്മകളെയും മേന്മകളെയും നമ്മുടെ കുഞ്ഞുങ്ങൾ കാണട്ടെ. അവരതിൽ വളരട്ടെ.

നമ്മുടെ മക്കളുടെ ആത്മീക ജീവിതത്തെ മുരടിപ്പിക്കുന്ന കാര്യങ്ങളെ നമുക്ക് ഒഴിവാക്കാം. ഇന്നു നാം അല്പം ശ്രദ്ധിച്ചാൽ നാളെ നമ്മുടെ മക്കൾ ആത്മീകമായി ശോഭിക്കുന്നതു കണ്ടു നിർവൃതിയടയാം.

**ഡോ. സനീഷ് ചെറിയാൻ**

# ഞാൻ നീയാണ് !



ശാന്താ ജോൺസൺ

ഇന്നു രാവിലെ പതിവിലധികം സന്തോഷമായിരുന്നു എനിക്ക്. ഞാൻ എഴുന്നേറ്റപ്പോഴേക്കും ഡാഡി ഓഫീസിലേക്കും മമ്മി സഹോദരിമാരുടെ യോഗത്തിനും പോയി. രാവിലെ ബൈബിൾ വായിക്കാതെ രക്ഷപ്പെട്ടു, വയറുവേദനയെന്നു പറഞ്ഞതു കൊണ്ട് കുടുംബപ്രാർത്ഥനയ്ക്ക് ഇരിക്കേണ്ടി വന്നില്ല. ആകപ്പാടെ നല്ലൊരു ദിവസം തന്നെ.

സാധാരണ അങ്ങനെയല്ല, സഹോദരന്മാർ ആരെങ്കിലുമൊക്കെ വരും. യോഗത്തിനു വരണമെന്നും രക്ഷിക്കപ്പെടണമെന്നും പറയും. അല്പം സ്വാതന്ത്ര്യം പോലും തരില്ല. കൂട്ടുകാരോടൊത്ത് അടിച്ചുപൊളിച്ചു ജീവിക്കാമെന്നു വെച്ചാൽ അതിനും സ്വാതന്ത്ര്യമില്ല. അതാണ് എന്റെ ഗതി. ഇന്നെന്തായാലും അല്പം സ്വാതന്ത്ര്യം കിട്ടി.

രാവിലെ തന്നെ ഞാൻ ടി.വി. ഓൺ ചെയ്തു. നല്ല ഒരു സിനിമ കണ്ട് ആസ്വദിച്ചിരിക്കുകയായിരുന്നു ഞാൻ. പെട്ടെന്ന് ആരോ എന്നെ തട്ടിവിളിച്ചല്ലോ എന്നു തോന്നി. തിരിഞ്ഞു നോക്കിയ ഞാൻ ആ രൂപം കണ്ടു പകച്ചു പോയി. തല നരച്ചു, വികൃതമുഖവുമായി ഒരു മനുഷ്യൻ അതാ നിൽക്കുന്നു. നിങ്ങളാരാണ് ? അല്പം ഭയത്തോടെ ഞാൻ ചോദിച്ചു. ഞാൻ നീയാണ്; അദ്ദേഹം മറുപടി പറഞ്ഞു. അതെങ്ങനെ ഒക്കും. അദ്ദേഹം പറഞ്ഞു; വരൂ... കാണിച്ചു തരാം. അദ്ദേഹം എന്നെ ഒരു ടണലിൽ കൂടെ കൊണ്ടുപോയി. കൂരിരുട്ട്. ഇടയ്ക്കിടയ്ക്ക് അല്പം വെളിച്ചം കാണുന്നുണ്ട്.

കുറച്ച് നടന്നു കഴിഞ്ഞപ്പോൾ ഒരു വലിയ വെളിച്ചം ഞാൻ കണ്ടു. എനിക്കു സന്തോഷമായി. എന്നാൽ വൃദ്ധനായ മനുഷ്യൻ ആ വെളിച്ചം കെടുത്തിക്കളഞ്ഞു. ഞാൻ വളരെ കോപത്തോടെ അദ്ദേഹത്തോടു ചോദിച്ചു; താങ്കൾ എന്തിനാണതു കെടുത്തിയത്. ഞാനോ? അല്ല; നീയാണതു കെടുത്തിയതു അദ്ദേഹം പ്രതിവചിച്ചു. അതു വചനപഠനത്തിന്റെ വെളിച്ചമായിരുന്നു.

വീണ്ടും ഇരുട്ടിൽ കൂടി അദ്ദേഹം എന്നെ നടത്തി. അല്പം മുമ്പിലായി അതാ വെളിച്ചം. എനിക്കു സന്തോഷമായി. എന്നാൽ അദ്ദേഹം ആ വെളിച്ചവും കെടുത്തിക്കളഞ്ഞു. എന്നെ ഇരുട്ടിലൂടെ തന്നെ നടത്തണമെന്ന് താങ്കൾക്കെന്താ ഇത്ര വാശി? ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു; നീ കണ്ടതു പ്രാർത്ഥനയുടെ വെളിച്ചമായിരുന്നു. അതു ഞാനല്ല നീ തന്നെയാണ് കെടുത്തിയത്. വീണ്ടും നടക്കവെ ഇരുട്ടിനു കട്ടി കൂടിവന്നു. അല്പം അകലെ വീണ്ടും വെളിച്ചം കണ്ട ഞാൻ ആശ്വസിച്ചു. അവിടെത്തിയതും അദ്ദേഹം ആ വെളിച്ചവും കെടുത്തിക്കളഞ്ഞു. ഇപ്രാവശ്യം എന്റെ സകല നിയന്ത്രണവും വിട്ട് ഞാനലറി; ഹേ മനുഷ്യാ താങ്കൾ എന്താണീ ചെയ്യുന്നത്. എന്നെ കൂരിരുട്ടിലാക്കാൻ കച്ച കെട്ടിയിറങ്ങിയിരിക്കയാണോ താങ്കൾ. അദ്ദേഹം പറഞ്ഞു; ആ വെളിച്ചം കെടുത്തിയതും നീ തന്നെയാണ്. അതു സഭാ കൂട്ടായ്മയുടെ വെളിച്ചമായിരുന്നു.

അല്പം നിരാശ തോന്നിയെങ്കിലും ഇരുട്ടിലൂടെ അദ്ദേഹത്തോടൊപ്പം യാത്ര തുടർന്നു. അപ്പോൾ അതാ കണ്ണഞ്ചിപ്പിക്കുന്ന ഒരു വെളിച്ചം . ഇക്കുറി ഞാൻ

> പെട്ടെന്നെന്റെ ചെവിയിൽ കൂട്ടക്കരച്ചിലും പല്ലുകടിയുടെയും ഞരക്കത്തിന്റേതുമായ ശബ്ദം മുഴങ്ങി. ഞാനാകെ പരിഭ്രമിച്ചു. വിറയലോടെ ഞാൻ ചോദിച്ചു. എന്താണ് ആ ശബ്ദം?

ശേഷം പേജ് 15 ▶




# ദശവർഷം പിന്നിടുന്ന രഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

## ചില ഓർമ്മക്കുറിപ്പുകൾ

*കേരളക്കരയിലെ വേർപാട് വേദാഭ്യാസ സ്ഥാപനങ്ങളുടെ മണിമകുടം എന്നു വിശേഷിപ്പിക്കാവുന്ന രഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചിട്ട് പത്ത് വർഷം തികയുമ്പോൾ, പ്രഥമ പ്രിൻസിപ്പാൾ ഡോ. ജോൺസൺ സി. ഫിലിപ്പും പ്രഥമ അക്കാഡമിക് ഡീൻ ഡോ. സനീഷ് ചെറിയാനും ആ മഹത് സ്ഥാപനത്തെക്കുറിച്ചുള്ള ചില ഓർമ്മക്കുറിപ്പുകൾ ദൈവജനത്തിനു മുമ്പാകെ അവതരിപ്പിക്കുന്നു.*

### അല്പം ചരിത്രം

രഹബോത്ത് എന്നാൽ ദൈവം ഒരുക്കിയ ഇടം എന്നാണർത്ഥം. അനാഥരായ പെൺകുഞ്ഞുങ്ങൾക്ക് ഒരു സങ്കേതമായി ദൈവം തന്റെ ദാസനായ വി. നാഗൽ മുഖാന്തരം പടുത്തുയർത്തിയ ഒരു വീടാണ് തൃശ്ശൂരിലെ നെല്ലിക്കുന്നിൽ സ്ഥിതി ചെയ്യുന്ന രഹബോത്ത് ഗേൾസ് ഓർഫണേജ്. ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള ഈ സ്ഥാപനം ദൈവത്താൽ സ്ഥാപിതവും നിയന്ത്രിതവും പരിപാലിക്കപ്പെടുന്നതുമാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ തിരസ്ക്കരിക്കപ്പെടുന്ന പെൺകുഞ്ഞുങ്ങൾക്ക് അഭയം നൽകുന്ന ഈ സ്ഥാപനം അവരുടെ ഭൗതിക കാര്യങ്ങളിലെന്നപോലെ തന്നെ ആത്മീക കാര്യങ്ങളിലും അതീവ ശ്രദ്ധ പുലർത്തിവരുന്നു. അമ്പതിലധികം ഏക്കറിൽ സ്ഥിതിചെയ്യുന്ന രഹബോത്തിൽ അനേകം ആത്മീക ശുശ്രൂഷകൾ നടന്നു വരുന്നു. മിഷണറി വനിത മിസ് പി.എൻ. ട്രഷർ കഴിഞ്ഞ നാലു പതിറ്റാണ്ടുകളായി സ്ഥാപനത്തിന്റെ ചുമതല വഹിക്കുന്നു. ലഭ്യമായ സാഹചര്യത്തിൽ നിന്നുകൊണ്ട് പരമാവധി കർത്താവിനു വേണ്ടി ശോഭിക്കണമെന്ന ആഗ്രഹമുള്ള മിസ്സി ഒരു ബൈബിൾ സ്കൂൾ തുടങ്ങണമെന്നു നാളുകളായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. തൃശ്ശൂരിലുള്ള മറ്റു ചില വിശ്വാസികൾക്കും ഈ



*ഡോ. ഫിലിപ്പ് മിസ് ട്രഷറിനും ആശാ സി.ഫിലിപ്പിനുമൊപ്പം. രഹബോത്തിലുള്ള ഈ കുട്ടിക്ക് പേരിട്ടതു ഡോ. ഫിലിപ്പാണ്.*

രഹബോത്ത് എന്നാൽ ദൈവം ഒരുക്കിയ ഇടം എന്നാണർത്ഥം. അനാഥരായ പെൺകുഞ്ഞുങ്ങൾക്ക് ഒരു സങ്കേതമായി ദൈവം തന്റെ ദാസനായ വി. നാഗൽ മുഖാന്തരം പടുത്തുയർത്തിയ ഒരു വീടാണ് തൃശ്ശൂരിലെ നെല്ലിക്കുന്നിൽ സ്ഥിതി ചെയ്യുന്ന രഹബോത്ത് ഗേൾസ് ഓർഫണേജ്.

ആഗ്രഹം ഉണ്ടായതോടെ രഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിനു തുടക്കമായി. 2000 ജൂലൈ 5- മുതൽ മിസ് ട്രഷറും എം.പി. ഗോഡ്‌ലി, വി.എം. ജോൺ, ജെയിംസ് വില്ല്യംസ്, സി.ജെ. മത്തായി തുടങ്ങിയ 4 സഹോദരന്മാരും ബൈബിൾ സ്കൂൾ എന്ന വിഷയത്തിലെ ദൈവിക നടത്തിപ്പിനായി പ്രാർത്ഥന ആരംഭിച്ചു. ദൈവിക നടത്തിപ്പ് മനസ്സിലാക്കിയ രഹബോത്ത് ട്രസ്റ്റ് 23.08.2000ൽ മുൻ പരാമർശിച്ച 5 പേരെ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ചുമൽ കൊടുക്കുവാൻ സ്റ്റിയറിങ് കമ്മിറ്റിയായി ചുമതലപ്പെടുത്തി. തുടർന്ന് 2001 മെയ് 19 നു തൃശ്ശൂർ ജില്ലയിലെ എല്ലാ സഭകളെയും ക്ഷണിച്ച് ഒരു പൊതുയോഗം നടത്തുകയും ബൈബിൾ സ്കൂളിന്റെ വിഷയം ധരിപ്പിക്കുകയും ചെയ്തു. 19 സഭകളുടെ പ്രതിനിധികൾ പങ്കെടുത്ത യോഗത്തിലും ബൈബിൾ സ്കൂളിന്റെ ആവശ്യകത വെളിപ്പെട്ടു. അങ്ങനെ 2002 ജൂൺ 2-നു ബൈബിൾ സ്കൂൾ ഔപചാരികമായി പ്രവർത്തനം ആരംഭിച്ചു. ആദ്യ ബാച്ചിൽ 10 ആൺകുട്ടികളും 6 പെൺകുട്ടികളും ചേർന്നു 16 പേരാണുണ്ടായിരുന്നത്.

## ഞങ്ങളും ആർ.ടി.ഐയും

രഹബോത്ത്ട്രസ്റ്റിന്റെആ വശ്യപ്രകാരംബ ി. ബി.ഐ ട്രസ്റ്റിന്റെ അനുവാദത്തോടും ആശിർവാദത്തോടും കൂടിയാണ് ഡോ. ജോൺസൺസി. ഫിലിപ്പ് ആർ.ടി.ഐയുടെ



*ഡോ. സനീഷും ഡോ. ഫിലിപ്പും ജിജുവിനോടൊപ്പം 2011ൽ ആർ.ടി.ഐ.യിൽ.*



മിസ് ട്രഷർ



സി.ജെ. മത്തായി



ജെയിംസ് വില്ല്യംസ്



എം.പി. ഗോഡ്‌ലി



വി.എം. ജോൺ

**സ്റ്റിയറിംഗ് കമ്മിറ്റി**

പ്രിൻസിപ്പാൾ ചുമതല ഏറ്റെടുത്തത്. ഡോ. ഓ.എം. ശമുവേലിന്റെ അസാന്നിദ്ധ്യത്തിൽ ബിബിഐയുടെ പ്രിൻസിപ്പാളായി ചുമതല വഹിച്ചിരുന്ന ഡോ. ജോൺസൺ സി. ഫിലിപ്പ് ആർ.ടി.ഐ.യുടെ ആവശ്യത്തെക്കുറിച്ച് ബിബിഐയിലെ ട്രസ്റ്റ് അംഗങ്ങളോടും സ്ഥലം സഭയോടും പറഞ്ഞ്, അനുവാദത്തോടും അവരുടെ ആശിർവാദത്തോടും കൂടിയാണ് ആർടിഐയുടെ ചുമതല ഏറ്റെടുത്തത്. തന്നോടൊപ്പം സ്ഥാപനത്തിന്റെ അക്കാഡമിക് വിഷയങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കാൻ ഡോ. ജോൺസൺ സി. ഫിലിപ്പിന്റെ ആവശ്യപ്രകാരം ഡോ. സനീഷ് ചെറിയാനെ തിരഞ്ഞെടുത്തു. സ്ഥാപനത്തിന്റെ അക്കാഡമിക് സിസ്റ്റത്തിന് ഒരു അടിത്തറ ഇടുക എന്ന ചുമതല ആയിരുന്നു ഞങ്ങളിൽ നിക്ഷിപ്തമായിരുന്നത്. കേരളത്തിലെ മറ്റെല്ലാ സ്ഥാപനങ്ങളെക്കാളും ഉന്നതമായ ഒന്ന് എന്ന ദർശനത്തോടെ കർശനമായ അച്ചടക്കവും അക്കാഡമിക് നിലവാരവും ഞങ്ങൾ വിദ്യാർത്ഥികൾക്കായി കരുതിയിരുന്നു. അവരെ ഉപദേശിക്കുക എന്നതിലുപരി അവരോടൊപ്പം എല്ലാ കാര്യങ്ങളിലും കൂടെ പ്രവർത്തിക്കുന്ന ഗുരുക്കന്മാരായിരിപ്പാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവരുടെ അക്കാഡമിക് വിഷയങ്ങളിൽ മാത്രമല്ല ആത്മീകവും ഭൗതീകവുമായ ആവശ്യങ്ങളിലും ഞങ്ങൾ അവരോടൊപ്പം ഉണ്ടായിരുന്നു. തന്മൂലം അവർ ഞങ്ങൾക്കു നല്കിയ ബഹുമാനവും ഞങ്ങൾ അവർക്കു നൽകിയ സ്നേഹവും ഒരു കുടുംബം എന്ന നിലയിലായിരുന്നു. വിദ്യാർത്ഥികൾ നിരത്തിലൂടെ നടക്കുമ്പോൾ നെല്ലിക്കുന്നു പട്ടണത്തിലെ ആളുകൾ അതിശയത്തോടെ നോക്കിയിരുന്നതും അച്ചടക്കത്തെക്കുറിച്ച് പ്രശംസിച്ച് പറഞ്ഞതും ഓർക്കുമ്പോൾ ഇന്നും ആ സ്നേഹബന്ധത്തിന്റെ മഹത്വം ഞങ്ങളെ പുളകം കൊള്ളിക്കുന്നു. പല ദിവസങ്ങളിലും ആൺകുട്ടികൾ രാത്രി 2 മണിവരെ കൗൺസിലിങ്ങിനായി ഞങ്ങളുടെ അടുക്കൽ വരുമായിരുന്നു. അവർക്കു വേണ്ടി ഉറക്കമിളച്ചതും കൂടെ പ്രവർത്തി



*ഒന്നും രണ്ടും ബാച്ചിലെ വിദ്യാർത്ഥികൾ പ്രിൻസിപ്പാളിനോടൊപ്പം*

ച്ചതും വ്യർത്ഥമായിരുന്നില്ല എന്നതിനു ഉത്തമ തെളിവാണ് ഇന്നു സ്ഥാപനത്തിന്റെ ചുമതല വഹിക്കുന്ന ജിജു നൈനാൻ വർഗ്ഗീസ്. അതുപോലെ തന്നെ സുവിശേഷ പോർക്കളത്തിൽ പോരാടുന്നവരും ഞങ്ങളെ സംബന്ധിച്ചിടത്തോളം ദൈവത്തിനു മുമ്പാകെ ഞങ്ങളുടെ കഠിനാദ്ധ്വാനത്തിന്റെ ഫലങ്ങളാണെന്നു പറയാൻ ഞങ്ങൾക്കു സന്തോഷമുണ്ട്.

ആർടിഐയിൽ ഞങ്ങൾ ജോലിക്കാരോ ശമ്പളക്കാരോ ആയിരുന്നില്ല. കാരണം ശമ്പളത്തിനു വേണ്ടിയായിരുന്നില്ല ഞങ്ങൾ പ്രവർത്തിച്ചത്. ട്രസ്റ്റിന്റെ ദർശനത്തോട് ചേർന്നു ഒരു സമുന്നത സ്ഥാപനം പണിയുക എന്നതായിരുന്നു. ഞങ്ങളുടെ ലക്ഷ്യം. ഞങ്ങളുടെ ദർശനത്തെ ഉൾക്കൊള്ളുവാനും അതിനോട് ചേർന്നു പെരുമാറുവാനും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കഴിഞ്ഞിരുന്നു. തന്മൂലം 6 മാസത്തെ പരിശീലനം കൊണ്ട് വിദേശീയരായ അദ്ധ്യാപകരുടെ ക്ലാസ്സുകൾ പോലും മനസ്സിലാക്കാൻ അവർ പ്രാപ്തരായി തീർന്നു. ആർ.ടി.ഐയിൽ പഠിപ്പിക്കുന്നതിനായി കടന്നു വന്ന അദ്ധ്യാപകരും പൂർണ്ണ സഹകരണത്തോടെ പ്രവർത്തിച്ചു എന്നതു ഞങ്ങൾ ഇന്നും നന്ദിയോടെ ഓർക്കുന്നു.

പരിമിതികളുടെ മധ്യത്തിലാണ് 2002-ൽ ആർ.ടി.ഐ. തുടങ്ങുന്നത്. വളരെ പഴക്കം ചെന്ന ഒരു ഇരുനില കെട്ടിടത്തിലാണ് ആൺകുട്ടികളും അദ്ധ്യാപകരും കിടന്നത്. തറ ഓട് പാകിയ തറയിൽ, എലികളുടെ ഇടയിൽ ഉള്ള കിടപ്പ് വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരുപോലെ അനുഭവിച്ചു. എങ്കിലും പിറുപിറുപ്പോ മത്സരമോ ഉണ്ടായില്ല എന്നത് വിദ്യാർത്ഥികളും അദ്ധ്യാപകരും സമർപ്പിതരും ദൈവഹിതപ്രകാരമുള്ളവരും ആയിരുന്നു എന്നതിനു തെളിവാണ്. പിന്നീട് ചാണകം മെഴുകിയ തറയിൽ പായ വിരിച്ചിരുന്നു വചനം ധ്യാനിക്കുന്നതും ക്ലാസ്സ് എടുക്കുന്നതുമായ രംഗങ്ങൾ ഇന്നെന്നപോലെ ഞങ്ങൾ ഓർക്കുന്നു. ഇന്ന് ആർ.ടി.ഐ.യിൽ ചെല്ലുന്നവർക്കു ഞങ്ങളുടെ വാക്ക് അതിശയോക്തിയായി തോന്നാം. എന്നാൽ 10 വർഷങ്ങൾക്കു മുമ്പ് സ്ഥിതി മറ്റൊന്നായിരുന്നു. ഒരു മുറിയിൽ 16 കസേര ഇട്ട് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ക്ലാസ് എടുക്കുമ്പോൾ അദ്ധ്യാപകനു കഷ്ടിച്ച് നിൽക്കാൻ മാത്രമുള്ള സ്ഥലമേ ഉണ്ടായിരുന്നുള്ളു. ക്ലാസ്സിൽ വിദ്യാർത്ഥി സീറ്റിൽ ഇരുന്നാൽ പിന്നെ എഴുന്നേല്ക്കണമെങ്കിൽ വളരെ പ്രയാസപ്പെടണമായിരുന്നു. എങ്കിലും പഠനം നിമിത്തം അവർ അതു സന്തോഷത്തോടെ സ്വീകരിച്ചു.

ബൈബിൾ സ്കൂളിനു ലൈബ്രറിയില്ലാതിരുന്നതിനാൽ ഡോ. ജോൺസൺ സി. ഫിലിപ്പ് 2000ൽപ്പരം പുസ്തകങ്ങളും ജേർണലുകളും സ്ഥാപനത്തിനു സംഭാവനചെയ്തു. കൂടാതെ തന്റെ പേർസണൽ ലൈബ്രറിയിലെ ഭൂരിഭാഗം ബുക്കുകളും കുട്ടികൾക്ക് റഫറൻസിനായി



*ഡോ. ഫിലിപ്പ് ആർ.ടി.ഐ.യിൽ റഫറൻസിനായി നൽകിയ തന്റെ പുസ്തകങ്ങൾക്കരികിൽ 2002-ൽ എടുത്ത ചിത്രം*



ഡോ. ഫിലിപ്പും ഡോ. സനീഷും ആർ.ടി.ഐ.യിലെ റസിഡന്റ് ഫാക്കൽറ്റിയോടൊപ്പം . 2011 ൽ എടുത്ത ചിത്രം

നൽകി. ഡോ. സനീഷ് ചെറിയാനും തന്റെ ലൈബ്രറി വിദ്യാർത്ഥികളുടെ റഫറൻസിനായി നൽകിയിരുന്നു. ഞങ്ങൾ ഇരുവരും സ്ഥാപനത്തിൽ പഠിപ്പിക്കുന്ന കാലമത്രയും വിദ്യാർത്ഥികൾക്ക് അവ ലഭ്യമായിരിക്കും എന്ന വ്യവസ്ഥയാണ് സ്റ്റിയറിങ് കമ്മിറ്റിക്കു മുമ്പാകെ ഞങ്ങൾ വെച്ചത്. ആ ഉടമ്പടി അവർ സമ്മതിച്ചതിനാൽ ഞങ്ങൾ അവിടെ സ്ഥിരമായി പഠിപ്പിച്ചിരുന്ന



**കുന്നത്തു ബംഗ്ലാവ്** – *മിഷണറി ഡേവിസ് പണികഴിച്ച ഈ ബംഗ്ലാവിൽ ലൈബ്രറിയും ക്ലാസ്സുകളും നടന്നിരുന്നു. 2004 ൽ എടുത്ത ചിത്രം*

കാലമത്രയും ഞങ്ങളുടെ പേർസണൽ ലൈബ്രറിയും വിദ്യാർത്ഥികൾക്ക് ലഭ്യമായിരുന്നു. സ്വന്തം പുസ്തകങ്ങൾ വിദ്യാർത്ഥികളുടെ പൊതുപ്രയോജനത്തിനായി ലോൺ നൽകു



**ചട്ടക്കൂട്** : ആർ.ടി.ഐ.യ്ക്കു വേണ്ടി പണിതുകൊണ്ടിരുന്ന കെട്ടിടം. 2004–ൽ ഇതിനകത്തു ക്ലാസ്സുകൾ നടന്നു. 2004 ലെ ചിത്രം.





ഡോ. ജോൺസൺ ഫിലിപ്പ് 2010–ൽ മിഷൻ കോൺഫ്രൻസിൽ സംസാരിക്കുന്നു.

ഡോ. സനീഷ് ചെറിയാൻ 2011 ൽ സ്പെഷ്യൽ ക്ലാസ്സിൽ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യുന്നു.

വാൻ സാധിച്ചതും ഒരു അനുഗ്രഹമായി ഞങ്ങൾ കരുതുന്നു.

പൂജ്യത്തിൽ തുടങ്ങിയ ആർ.ടി.ഐ. എന്ന സ്ഥാപനത്തിന്റെ ആരംഭകാല പ്രവർത്തനങ്ങൾക്കായി ഡോ. ജോൺസൺ സി. ഫിലിപ്പ് വളരെയധികം കാര്യങ്ങൾ ചെയ്തിരുന്നു. കാരണം ഞങ്ങളുടെ മുമ്പിലെ ലക്ഷ്യം സമുന്നത സ്ഥാപനം മാത്രമായിരുന്നു. ജിജു നൈനാൻ വർഗ്ഗീസ് ഒരു മാനേജർ എന്ന പദവി ഇപ്പോൾ അലങ്കരിക്കുന്നത് ഈ ലക്ഷ്യപ്രാപ്തിയുടെ ഉത്തമ തെളിവാണ്. ഡോ. ഫിലിപ്പ് വിദ്യാർത്ഥികൾക്ക് കേവലം ഒരു പ്രിൻസിപ്പാൾ മാത്രമായിരുന്നില്ല പിതാവ് കൂടിയായിരുന്നു. ഉയർന്ന രക്തസമ്മർദ്ദത്താൽ ഭാരപ്പെട്ടിരുന്ന ഡോ. ഫിലിപ്പ് ശാരീരികമായി ക്ഷീണിക്കുന്ന അവസരങ്ങളിൽ തന്നെ ശുശ്രൂഷിച്ചിരുന്നത് ജിജോ സി. ജോർജ്ജും, ജിജു നൈനാൻ വർഗ്ഗീസുമായിരുന്നു. ഒരു പിതൃപുത്രബന്ധം അവിടെ ഉണ്ടായിരുന്നു.

2005–ൽ ആർ.ടി.ഐ. പൂർണ്ണമായും രഹബോത്ത് ക്യാമ്പസ്സിനുള്ളിലും ട്രസ്റ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലുമായി. തന്മൂലം സ്റ്റിയറിങ്ങ് കമ്മിറ്റി പിരിച്ചുവിടപ്പെട്ടു. തുടർന്ന് സ്ഥാപനത്തിന്റെ നടത്തിപ്പിന് അക്കാഡമിക് കൗൺസിലും രഹബോത്ത് ട്രസ്റ്റുമായി പുതിയ വ്യവസ്ഥകൾ ആവശ്യമായി വന്നു. എന്നാൽ ഇതിനോടകം തന്നെ ആർ.ടി.ഐ. എന്ന സ്ഥാപനം സ്വയം പര്യാപ്തത നേടിയതിനാലും ട്രസ്റ്റിനു ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടത്തിപ്പിൽ ആവശ്യമായ ഉൾക്കാഴ്ച ഉണ്ടായതിനാലും സ്റ്റിയറിംഗ് കമ്മിറ്റിയുമായി ചെയ്ത വ്യവസ്ഥ പ്രകാരം ഞങ്ങൾ സ്ഥാപനത്തിന്റെ പൂർണ്ണ സമയ ഉത്തരവാദിത്വത്തിൽ നിന്നും മാറി. ബൈബിൾ സ്കൂളിന്റെ അക്കാഡമിക് രംഗത്ത് ഒരു അടിത്തറയിടുവാൻ സഹായിക്കണം എന്ന സ്റ്റിയറിംഗ് കമ്മിറ്റിയുടെ ആവശ്യപ്രകാരം ആ ലക്ഷ്യത്തോടെയുള്ള സേവനമാണ് ഞങ്ങൾ ആർ.ടി.ഐ.യിൽ ചെയ്തത്. ബൈബിൾ സ്കൂൾ സ്വയം പര്യാപതമായതോടെ ദൈവം ഞങ്ങളെ ഭരമേല്പ്പിച്ച ശുശൂഷകളിലേക്ക് ഞങ്ങൾ തിരിഞ്ഞു. വേർപാട് സഭകളിൽ അടി

ശേഷം പേജ് 16 ▶

## അവസരങ്ങൾ പാഴാക്കരുത്

ഡോ. ജോൺസൺ സി. ഫിലിപ്പ്






സ്കൂളിലെ കുരുന്നുകൾ അവതരിപ്പിച്ച ആക്ഷൻ സോങ്ങ്

**കുമ്പനാട്** : ബ്രദറൺ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വാർഷിക ആഘോഷത്തോടനുബന്ധിച്ച് 2012 ഫെബ്രുവരി 9 നു നടന്ന 32-ാമതു സ്തോത്രസമ്മേളനത്തിൽ ഡോ. ജോൺസൺ സി ഫിലിപ്പ് മുഖ്യാതിഥി ആയിരുന്നു. ദൈവം എല്ലാ മനുഷ്യർക്കും ജീവിതത്തിൽ വിജയം കൈവരിക്കാനുള്ള ചെറുതും വലുതുമായ അവസരങ്ങൾ നൽകുന്നു. ഓരോ അവസരങ്ങളെയും പ്രയോജനപ്പെടുത്തുന്നവർക്കു ജീവിത വിജയം സുനിശ്ചിതമാണെന്ന് അദ്ദേഹം വിദ്യാർത്ഥികളെ ഓർമിപ്പിച്ചു. ദൈവമുമ്പാകെയും നമുക്ക് ലഭിച്ച അവസരങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്തി എന്നു കണക്കു ബോധിപ്പിക്കേണ്ടിവരുമെന്ന ചിന്ത എല്ലാവരെയും ഭരിക്കണമെന്നും അദ്ദേഹം പറഞ്ഞു. സഹോദരന്മാരായ പി.ഇ. സാംകുട്ടി, വർക്കി ജോർജ്ജ്, ഏബ്രഹാം തോമസ് (പുല്ലാട്) , ഡോ. സനീഷ് ചെറിയാൻ എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. ബ്രദറൺ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ പ്രവർത്തനങ്ങളെ ദൈവജനം പ്രാർത്ഥനയിൽ ഓർക്കണമെ.

### വൈ. എംഇ.എഫ് പഞ്ചാബ് ക്യാമ്പയിൻ

**അങ്കമാലി** : ആന്ധ്രാപ്രദേശിൽ വൈ.എം.ഇ.എഫ് ടീമിനെതിരെയുണ്ടായ പോലീസ് കേസിനെ തുടർന്നു നിർത്തിവച്ചിരുന്ന വടക്കേന്ത്യൻ പ്രവർത്തനം ദൈവഹിതമായാൽ ഫെബ്രുവരി മാർച്ച് മാസങ്ങളിൽ പഞ്ചാബിൽ വെച്ച് നടക്കും. 2012 ഫെബ്രുവരി 1-28 വരെ ഫസിൽക്കയിലും മാർച്ച് 1 മുതൽ 25 വരെ ഫിറോസ് പൂരിലും മാർച്ച് 26 മുതൽ ഏപ്രിൽ 15 വരെ ബറ്റിൽഡായിലും നടത്തുവാൻ ആഗ്രഹിക്കുന്നു. വൈ.എം.ഇ.എഫ്. വടക്കൻ വിഭാഗം ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും. കൂടുതൽ വിവരങ്ങൾക്ക്
M.C. George, Mob : 09446044933

### സഭാഹാളിനുള്ള അഭ്യർത്ഥന

**തിരുവനന്തപുരം** : സഹോ. ജി. തോമസ് കുട്ടി കൊട്ടാരക്കരയിൽ നിന്നും 2002 ൽ തിരുവനന്തപുരത്തെ വിഴിഞ്ഞം എന്ന സ്ഥലത്തേക്ക് പ്രവർത്തനത്തിനായി കടന്നു ചെന്നു. ദൈവകൃ

പയാൽ 30 അംഗങ്ങളുള്ള ഒരു സഭാകൂടിവരവ് ആരംഭിക്കുവാനിടയായി. കഴിഞ്ഞ അനേകം വർഷങ്ങളായി വാടകകെട്ടിടത്തിലാണ് ആരാധന നടക്കുന്നത്. സഭയ്ക്കായി ഒരു സഭാഹാൾ ഉണ്ടാകണമെന്നു പ്രിയപ്പെട്ടവർ ആഗ്രഹിച്ചു. സഹോ. ജി. തോമസു കുട്ടി ബാങ്കിൽ നിന്നും ലോണെടുത്തു പണി ആരംഭിച്ചു. വിശ്വാസികൾ സാധാരണക്കാരാകയാൽ വലിയ തുക സമാഹരിക്കാനാവില്ല. ദൈവജനം പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെ. വിലാസം :

G. Thomaskutty, Nirapputhundil Veedu,
Uchakada, Payattuvila P.O.,
Balaramapuram 695501, Thiruvananthapuram

## പുതിയ സഭാകൂടിവരവ്

**തൃശ്ശൂർ:** തൃശ്ശൂർ ജില്ലയിലെ അടുപ്പൂട്ടി എന്ന സ്ഥലത്തു സുവി. സാം മനോഹർ കഴിഞ്ഞ 11 വർഷങ്ങളായി പ്രവർത്തിച്ചതിന്റെ ഫലമായി ചിലർ മുമ്പോട്ടു വരികയും സ്നാനം ഏൽക്കുകയും ചെയ്തു. ദൈവകൃപയാൽ 2012 ജനുവരി 19നു സ്നാനശുശ്രൂഷയോടു കൂടി ആരാധന ആരംഭിക്കുവാനിടയായി. ഇപ്പോൾ 8 പേർ കർത്തൃമേശയിൽ പങ്കെടുക്കുന്നവരായുണ്ട്. പലരും വചനം താൽപ്പര്യത്തോടെ പഠിച്ചുകൊണ്ടിരിക്കുന്നു. ഈ പുതിയ സഭാകൂടിവരവിനെയും പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർത്താലും. വിലാസം :

Ebenezer Brethren Assembly , C/o : Sam Manohar (Evg), Chungath House, Kanippayyoor P.O., Thrissur - 680517.

## രോഗികൾ

**ബറോഡ :** സഹോ. എൻ.ജി. ജോൺ വാഹനാപകടത്തെ തുടർന്നു ചികിത്സയിലായിരിക്കുന്നു.

**പക്കാഞ്ചോർ :** സഹോ. ബയ്ദ്രാജ് ബസ്ര ക്യാൻസർ രോഗത്താൽ ഭാരപ്പെടുന്നു.

**കോഴഞ്ചേരി :** സഹോ. എം.സി. ഫിലിപ്പ് ക്യാൻസർ രോഗത്താൽ ഭാരപ്പെടുന്നു.

**ചെങ്ങന്നൂർ :** സഹോ. ടി.എം. തോമസ്കുട്ടി ബൈപാസ് ഓപ്പറേഷനെ തുടർന്നു ഭവനത്തിൽ വിശ്രമിക്കുന്നു.

**കോട്ടയം :** സഹോദരി ചിന്നമ്മ തോമസ് (70) ക്യാൻസർ ബാധിച്ച് ചികിത്സയിലായിരിക്കുന്നു.

**എറണാകുളം :** സഹോദരി ലീല കാലുകൾക്ക് ബലഹീനത ബാധിച്ച് കിടപ്പിലായിരിക്കുന്നു.

## വിലാസം മാറി

സുവിശേഷകൻ സൈലാസ് സി. നായരുടെ പുതിയ വിലാസം : Dr. Silas C. Nair, Rehoboth, Nellikkunnu, Thrissur - 5, Kerala. Ph: 0487 - 6555913, 9446055913.

# ആർ.ടി.ഐ. ഗ്രാജുവേഷൻ മാർച്ച് 25–ന്

**തൃശ്ശൂർ :** രഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 5–ാമതു ഗ്രാജുവേഷൻ സർവ്വീസും പത്താം വാർഷികവും 2012 മാർച്ച് 25–ന് വൈകുന്നേരം 3 മണിക്ക് രഹബോത്ത് ക്യാമ്പസ്സിൽ വെച്ച് നടക്കും. ഈ വർഷം 29 കുട്ടികൾ ഗ്രാജുവേറ്റ് ചെയ്യുന്നു. മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ അദ്ധ്യാപകനായ ഡോ. സാജൻ മാത്യൂസ് മുഖ്യാതിഥി ആയിരിക്കും. ഈ മീറ്റിംഗിനെ ഓർത്തു പ്രാർത്ഥിക്കുകയും പങ്കെടുക്കുകയും ചെയ്യണമെ.

ഈ പരിപാടിയുടെ തൽസമയ സംപ്രേഷണം റേഡിയോ മന്നയിലും എക്സഡസ് ടിവിയിലും ഉണ്ടായിരിക്കുന്നതാണ്.

www. radiomanna.com & www.exodustv.com

## അപേക്ഷകൾ ക്ഷണിക്കുന്നു

ആർ.ടി.ഐയുടെ അടുത്ത ബാച്ചിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ബിറ്റി എച്ച് (3 വർഷം) എംഡിവ് (2 വർഷം) കോഴ്സുകളിൽ പ്ലസ് ടു യോഗ്യതയുള്ള സഹോദരി സഹോദരന്മാർക്ക് അപേക്ഷിക്കാവുന്നതാണ്. പ്രോസ്പെക്ടസിനും അപേക്ഷാഫോറത്തിനും ഞങ്ങളുടെ വെബ്സൈറ്റ് www.rehobothindia.com സന്ദർശിക്കുക. 100 രൂപയുടെ മണി ഓർഡർ ചുവടെ ചേർക്കുന്ന വിലാസത്തിൽ അയച്ചാലും അപേക്ഷാ ഫോറം ലഭിക്കും.

Registrar, Rehoboth Theological Institute, Nellikkunnu, Thrissur - 5, Kerala. Phone : 0487 - 6535833, 9249515899.

(ജിജു നൈനാൻ)

## മഹത്വത്തിൽ

**ബാംഗ്ലൂർ :** സഹോദരി മേഴ്സി പ്രഭാകർ റാവോ 2012 ഫെബ്രുവരി 7–നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**ചെന്നൈ:** സഹോ. സീനിയമ്മാൾ മഹാലിംഗം 2012 ജനുവരി 30–നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**ടെക്സാസ് :** സഹോ. ജോൺസൺ പുലിയോടിൽ 2012 ഫെബ്രുവരി 5–നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 11 നു സംസ്ക്കരിച്ചു.

**ബാംഗ്ലൂർ :** സഹോദരി സാറാ ജോർജ്ജ് മട്ടയ്ക്കൽ (41) ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് 2012 ഫെബ്രുവരി 25നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 28നു സംസ്ക്കരിച്ചു.

## കത്തുകൾ

പ്രിയ സഹോദരൻ ഡോ. സനീഷ് ചെറിയാന്

വേർപാട് വാർത്താപത്രിക ലഭിച്ചുകൊണ്ടിരിക്കുന്നു. ഞാൻ അറിയുവാൻ ആഗ്രഹിച്ചിരുന്ന പല അടിസ്ഥാന ഉപദേശങ്ങൾക്കും മറുപടി ലഭിക്കുന്നുണ്ട് എന്ന് സന്തോഷത്തോടെ അറിയിച്ചുകൊള്ളുന്നു. തുടർന്നും വാർത്താപത്രിക അയയ്ക്കണമേ.

പോളി ജോൺ, തൃശ്ശൂർ

## എസ്.ഒ.എസ്. ഫിലിം മിനിസ്ട്രി

Save Our Souls Ministry -യുടെ നേതൃത്വത്തിൽ ഒരു ഫിലിം മിനിസ്ട്രി ആരംഭിച്ചിരിക്കുന്നു. മാധ്യമങ്ങളുടെ ശക്തമായ സ്വാധീനവലയത്തിൽ നിന്നും ഒരു പരിധിവരെ ക്രിസ്റ്റ്യൻ ഫിലിമുകൾക്കു കടന്നു കയറുവാൻ കഴിയും എന്ന ശുഭാപ്തി വിശ്വാസത്തോടെ ആരംഭിച്ചിരിക്കുന്ന ഒരു ശുശ്രൂഷയാണ്. ജീസ്സസ്സ്, മോസസ്സ്, ജീസസ് ക്രൈസ്റ്റ്, സൂപ്പർസ്റ്റാർ, സ്നാപക യോഹന്നാൻ, ദി ബൈബിൾ, ടെൻ കമാന്റ്മെന്റ് , ബെൻഹർ, ബേണിംഗ് ഹെൽ, പാഷൻ ഓഫ് ക്രൈസ്റ്റ് തുടങ്ങിയ പ്രശസ്തമായ ഫിലിമുകൾ പ്രദർശിപ്പിച്ചുവരുന്നു.

എൽ.ഇ.ഡി പ്രൊജക്ടർ, 16 എം.എം. പ്രൊജക്റ്ററുകൾ ഉപയോഗിച്ചുകൊണ്ട് സാങ്കേതിക മികവുകൾ പുലർത്തുന്നു. ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. സുവിശേഷകന്മാരായ അലക്സ് കാഞ്ഞൂപ്പറമ്പിൽ, വിൻസെന്റ് സാമുവൽ, ജെ. ജോയിക്കുട്ടി, എന്നിവർ നേതൃത്വം നൽകിവരുന്നു.

ഇവാ. അലക്സ് കാഞ്ഞൂപ്പറമ്പിൽ , 9495228412

## അന്ത്യകാല സംഭവങ്ങൾ

**തൊടുപുഴ :** ദൈവഹിതമായാൽ 2012 ഏപ്രിൽ 13–15 വരെ മുനിസിപ്പൽ ടൗൺഹാളിൽ വെച്ച് അന്ത്യകാല ലോകസ ംഭവങ്ങൾ ബൈബിൾ പവചനവെളിച്ചത്തിൽ എന്ന വിഷയം ആസ്പദമാക്കി സഹോ. ജോൺ പി. തോമസ് സംസാരിക്കും. സുവാർത്ത സിംഗേഴ്സ്, കോഴഞ്ചേരി സംഗീത ശുശ്രൂഷ നിർവ്വഹിക്കും. ഈ ശുശ്രൂഷയെ ഓർത്തു ദൈവജനം പ്രാർത്ഥിക്കണമെ.

## സഭാഹാൾ ആവശ്യം

കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാർക്ക് ക്രിസ്തുയേശുവിൽ ഇരിട്ടി എബനൈസർ ബ്രദറൺ അസംബ്ലിയിലെ ദൈവമക്കളുടെ സ്നേഹവന്ദനം.

കേരളത്തിലെ കണ്ണൂർ ജില്ലയിലെ വളരെ പഴക്കമുള്ള ഒരു ബിസിനസ് കേന്ദ്രമാണ് ഇരിട്ടി. തലശ്ശേരി, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ നിന്നും ബാംഗ്ലൂർ റൂട്ടിൽ പ്രധാനപ്പെട്ട കർണ്ണാടക അതിർത്തി പ്രദേശമാണ്. അതിവിശാലമായ ഒരു കുടിയേറ്റ മേഖലയുമാണ്. നാമധേയ ക്രൈസ്തവരും മറ്റ് ഇതര മതങ്ങളും ധാരാളമുള്ളതും വളരെ വേഗം വളർന്നു കൊണ്ടിരിക്കുന്ന ഒരു പുരാതന ടൗണുമാണ് ഇരിട്ടി. ഇവിടെ നിന്ന് 20 കിലോമീറ്റർ അകലെയാണ് കണ്ണൂരിൽ പുതുതായി വരുന്ന എയർപോർട്ട്. ഇരിട്ടിയുടെ അടുത്തസ്ഥ ലങ്ങളാണ്സ ംഘർഷമുള്ളമ ട്ടന്നൂർ, കൂത്തുപറമ്പ്, പാനൂർ മേഖലകൾ, പേരാവൂർ നിയോജക മണ്ഡലത്തിൽ ഇരിട്ടിയിലും കണിച്ചിറയാറിലും മാത്രമേ നമ്മുടെ സഭാ കൂടിവരവ് ഉള്ളൂ.

സുവിശേഷകൻ സന്തോഷ് ഗിൽബർട്ട് 2005–ൽ തന്റെ ഔദ്യോഗിക ജോലി രാജി വച്ച് ഈ പ്രദേശത്ത് ഒരു സ്ഥലം സഭ എന്ന ലക്ഷ്യത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. ദൈവദാസൻ യു. എം. ചെറിയാൻ കുടുംബമായി കഴിഞ്ഞ ഒരു വർഷത്തോളമായി ഒരുമിച്ച് പ്രവർത്തിക്കുന്നു. കണ്ണൂരിന്റെ മലയോരമേഖലയായ ഇരിട്ടി അക്രമ രാഷ്ട്രീയവും കൊലയും ബോംബേറും വർദ്ധിച്ചുവരുന്ന സ്ഥലമാണ്. ഈ സ്ഥലത്ത് പ്രവർത്തനങ്ങൾ നടത്തുവാൻ ദൈവം ഞങ്ങളെ സഹായിച്ചു. ഇരിട്ടിയിൽ 2005 മുതൽ സുവിശേഷ മീറ്റിംഗുകളും പരസ്യയോഗങ്ങളും ലഘുലേഖ വിതരണവും നടത്താൻ സഹായിച്ചുകൊണ്ടിരുന്നു. ദൈവദാസന്മാരായ എസ്.കെ. ഡേവിഡ്, വി.എം. മാത്യു, വി.ജെ. തോമസ്. കെ.ഡി. ഏബ്രഹാം, പി.എ. സോമർ, വി.എസ്. വർഗ്ഗീസ് എന്നിവരും മറ്റ് പല ദൈവദാസന്മാരും സഹകരിക്കുകയും ചെയ്തുവരുന്നു. ഭവനസന്ദർശനത്തിന്റെ ഫലമായി ചിലർ രക്ഷിക്കപ്പെടുവാൻ ഇടയായി. 2005മുതൽ ഇരിട്ടി ക്രൂസേഡ് നടന്നുവരുന്നു. ദൈവദാസന്മാരായ ചാണ്ടപ്പിള്ള ഫിലിപ്പ്, ജോൺ.പി. തോമസ്. കെ.

വി. മാത്യു, കോശി പി. തോമസ്, രാജൻ തോമസ്, വിൽസൺ ജേക്കബ്ബ്, ശശി ഇഞ്ചക്കുണ്ട് എന്നിവർ ഇരിട്ടിയിൽ കടന്നു വരികയും ദൈവവചനം ശുശ്രൂഷിക്കുകയും ചെയ്തു. ഇതു മുഖാന്തിരം ചിലർ രക്ഷിക്കപ്പെടുവാൻ ദൈവം സഹായിച്ചു.പ ുതിയന ിയമമ ാതൃകയിലുള്ള സഭാ കൂടിവരവ് ആരംഭിച്ചു. ഇപ്പോൾ 20 പേർ കൂടിവരുന്നുണ്ട്. കരിക്കോട്ടക്കരി, നെല്ലിക്കാംപൊയിൽ, വള്ളിത്തോട്, കുന്നോത്ത് എന്നീ സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. രക്ഷിക്കപ്പെട്ടവർ ഉണ്ട്, തത്പരരായി ചിലരുണ്ട്. ഇവർ വേർപെട്ടുവരുവാൻ ദൈവജനം പ്രാർത്ഥിച്ചാലും. ക്രിസ്തുവിരോധികൾ പല പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ വാടക കെട്ടിടം ഞങ്ങൾക്ക് സ്ഥിരമായി ലഭിക്കുന്നില്ല. ഇപ്പോൾ ഞായറാഴ്ചകളിൽ ആരാധനയ്ക്ക് ഒരു കോളേജ് റൂം വാടകയ്ക്ക് എടുത്താണ് കൂടിവരുന്നത്. അതുകൊണ്ട് ഇടദിവസങ്ങളിൽ മറ്റു കൂടിവരവുകൾ നടത്തുവാൻ ഞങ്ങൾക്ക് സൗകര്യമില്ല. പല പ്രശ്നങ്ങളും പ്രതിസന്ധികളും നേരിടുന്നു. അതുകൊണ്ടു ആരാധിക്കുവാൻ സ്വന്തമായി സ്ഥലവും സഭാഹാളും അടിയന്തിരമായി ഉണ്ടാകണം. ഒരു സെന്റ് സ്ഥലത്തിന് ടൗണിൽ നിന്ന് മാറി കുറഞ്ഞത് 4 ലക്ഷം രൂപയാണ്. 10 സെന്റ് സ്ഥലത്തിനും ഹാളിനും ഏകദേശം 60 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്നു. സഭയായും വ്യക്തിപരമായും ഈ ആവശ്യത്തിലേക്ക് ദൈവജനം ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

ഈ ആവശ്യത്തിലേക്ക് സഹോദരന്മാരായ ജോർജ്ജ് ജി.യുടേയും യു.എം. ചെറിയാന്റെയും പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് ഇരിട്ടി SBT ബാങ്കിൽ ആരംഭിച്ചിരിക്കുന്നു. **A/C. No. 67170956790, IFSC 0000647** -എന്ന അക്കൗണ്ടിൽ സഹായം അയക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

Santhosh Gilbert,
Ebenezer Villa,
Nuchiyad P.O., Mundoor,
Kannur 670705

എന്ന് സഭയ്ക്ക് വേണ്ടി
സന്തോഷ് ഗിൽബർട്ട്, എൻ.സി. ബാബു

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**മേലുകാവുമറ്റം** : കോട്ടയം സെന്റർ വൈ.എം.ഇ.എഫ് ന്റെ സഹകരണത്തിലും സഭയുടെ ചുമതലയിലും 2012 ജനുവരി 19 മുതൽ 21 വരെ മേലുകാവുമറ്റത്തുവെച്ച് സുവിശേഷ ക്യാമ്പും കൺവൻഷനും അനുഗ്രഹകരമായി നടന്നു. ഭവനസന്ദർശനം, ബൈബിൾ ക്ലാസ്സ്, പരസ്യയോഗങ്ങൾ, രാത്രി യോഗങ്ങൾ എന്നീ ശുശ്രൂഷകൾ ഉണ്ടായിരുന്നു. അനേകർ രക്ഷിക്കപ്പെടുവാൻ ഇടയായി. അനുധാവന പ്രവർത്തനങ്ങൾ സഭയുടെ ചുമതലയിൽ നടന്നുവരുന്നു. രാത്രിയോഗങ്ങളിൽ ബ്ര. ജോൺ പി. തോമസ് (കൊച്ചി) , ബ്ര. വർഗ്ഗീസ് കുര്യൻ (പാമ്പാടി) എന്നിവർ വചനം ശുശ്രൂഷിച്ചു. ജെ.പി. രാജൻ, ജെയിംസ് ജോൺ, റിബേക്കാ രാജൻ എന്നിവർ സംഗീത ശുശ്രൂഷ നിർവ്വഹിച്ചു. കൂടാതെ സഹോദരന്മാരായ ഗോഡ്ലി കുര്യൻ, കെ.എം. ബേബി, വിനോദ് തോമസ്, ജോൺ ജോസഫ്, അശോക് കുമാർ, ജോസഫ് മാത്യു എന്നിവരും മറ്റു സഹോദരന്മാരും വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. വിവിധ സ്ഥലങ്ങളിൽ നിന്നായി 50ൽ അധികം സഹോദരന്മാർ ഈ പ്രവർത്തനങ്ങളിൽ കടന്നുവന്ന് സഹകരിച്ചു. തുടർന്നും മേലുകാവുമറ്റം സഭയേയും പ്രവർത്തനങ്ങളേയും ഓർത്ത് പ്രാർത്ഥിച്ചാലും.

എന്ന് സഭയ്ക്കുവേണ്ടി സഹോദരന്മാർ
ബ്രദർ ടി.വി. മാത്യു , ബ്രദർ സി.ഐ. അബ്രഹാം

## ശ്രദ്ധയ്ക്ക്

വേർപാട് വാർത്താപത്രികയിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ലേഖനങ്ങൾ 2 പുറത്തിൽ കവിയാതെ അയക്കുക. വാർത്തകൾ എല്ലാ മാസവും 20-ാം തീയതിക്കു മുമ്പ് ലഭിക്കത്തക്കവിധം അയക്കുക. സഭാപ്രശ്നങ്ങൾ, മുടക്കലുകൾ, തുടങ്ങിയ വിഷയങ്ങൾ ദയവായി വേർപാടിന് അയയ്ക്കരുത്. വേർപാടു സഭകളുടെ നന്മയ്ക്കുതകുന്ന ലേഖനങ്ങളും വാർത്തകളും മാത്രം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

പത്രാധിപർ

# ശീമോൻ സി. വി

**1993** ൽ ഞാൻ രക്ഷിക്കപ്പെട്ടു. തുടർന്ന് ഞങ്ങൾ കുടുംബമായി മാതൃസഭയായ ആനവിരട്ടി അസംബ്ലിയിൽ കർത്താവിനെ ആരാധിച്ചുവരികയായിരുന്നു. ഞാൻ ഒരു കൺസ്ട്രക്ഷൻ ഫീൽഡിൽ വർക്ക് ചെയ്തു കൊണ്ടിരിക്കുകയായിരുന്നു. അങ്ങനെയിരുന്ന സമയത്ത് ആണ് വളരെ യാദൃശ്ചികമായി തമിഴ്നാടിന്റെ അതിർത്തിയോട് ചേർന്ന് കിടക്കുന്ന ബി. എൽ. റാം എന്ന പ്രദേശത്ത് വരുവാൻ ഇടയായത്. ആ പ്രദേശത്തെ ചില ആളുകളുമായി ബന്ധപ്പെട്ടപ്പോൾ അവരിൽ പലർക്കും സുവിശേഷത്തോടുള്ള താൽപ്പര്യം മനസ്സിലാക്കുവാൻ ഇടയായി. അന്നുമുതൽ ഞങ്ങൾ കുടുംബമായും സഭയായും അവിടെയൊരു പ്രവർത്തനം ആരംഭിക്കുന്നതിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഞങ്ങളുമായി ബന്ധമുള്ള സഭകളോടും ഈ വിഷയം പ്രാർത്ഥനയ്ക്കായി പറഞ്ഞു. ഉദ്ദേശം രണ്ടരവർഷത്തോളം ഞങ്ങൾ ഈ വിഷയത്തെ ഓർത്ത് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഏതെങ്കിലും ഒരു ദൈവദാസനെ അങ്ങോട്ട് പറഞ്ഞയക്കണമെന്നാണ് ഞങ്ങൾ പ്രാർത്ഥിച്ചത്. എന്നാൽ ഈ സമയങ്ങളിൽ എന്തുകൊണ്ട് എനിക്കുപോയിക്കൂടാ എന്നൊരു ചിന്ത ദൈവം എന്റെ മനസ്സിലേക്കു തരികയും തുടർന്ന് ആ വിഷയം പ്രാർത്ഥിച്ചുകൊണ്ടിരിക്കയും ചെയ്തു. ഈ കാര്യം ഞാൻ ചില മാസങ്ങൾക്കു ശേഷം എന്റെ മാതൃസഭയിൽ പറയുകയും സഭയായി പ്രാർത്ഥിക്കയും ചെയ്തു. ചില നാളുകൾക്കു ശേഷം പൈങ്ങോട്ടൂരിൽ മാസവേല നടക്കുന്ന സമയത്ത് മുളന്തുരുത്തിയിലെ ഷാജൻ ബ്രദറിനെ കാണുകയും അദ്ദേഹവുമായി ഈ വിഷയം സംസാരിച്ചപ്പോൾ അദ്ദേഹം എന്നെ വളരെ അധികം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. തുടർന്ന് ഞങ്ങൾ 2008 ഫെബ്രുവരി 22-ാം തീയതിയോടുകൂടി ഈ ദേശത്ത് കടന്നുവരികയും ഒരു ക്രിസ്തീയ പ്രവർത്തനത്തിന് തുടക്കം കുറിക്കുകയും ചെയ്യാൻ ദൈവം സഹായിച്ചു. ആ കാലങ്ങളിൽ ആഴ്ചയിൽ ഒരു പ്രാവശ്യം ഞങ്ങൾ അവിടെ വന്നുപോയി പ്രവർത്തിക്കുകയായിരുന്നു. ഏതാണ്ട് ഒരു വർഷത്തോളം ഞങ്ങൾ ഇത് തുടർന്നു, ഈ കാലയളവിൽ ഞങ്ങളുടെ അയൽസഭകളും പ്രവർത്തനത്തിൽ സഹായിച്ചു. മുളന്തുരുത്തി സഭയിൽ നിന്നും സഹോ. ഷാജനോടൊപ്പം സനീഷ് ചെറിയാനും ജിജോ സി.ജോർജ്ജും പ്രവർത്തനത്തിൽ പങ്കെടുത്തു. ആ കാലയളവിൽ അവിടെ കുടുംബമായി നിന്ന് വേല ചെയ്യേണ്ട ആവശ്യകത ബോദ്ധ്യമാവുകയും അതേതുടർന്ന് 2009 ഏപ്രിൽ മാസം കുടുംബമായി സൂര്യനെല്ലിയിൽ സിങ്കുക്കണ്ടം എന്ന പ്രദേശത്ത് താമസത്തിനായി എത്തുവാൻ ദൈവം സഹായിച്ചു. തുടർന്ന് കഴിഞ്ഞ രണ്ടു



വർഷങ്ങളിലായി വി.ബി.എസ് അനുഗ്രഹമായി നടത്തുവാൻ ദൈവം സഹായിച്ചു. ഈ വി.ബി. എസ്സിൽ പത്തിൽ അധികം കുട്ടികൾ രക്ഷിക്കപ്പെടുവാൻ ഇടയായി. കഴിഞ്ഞ വർഷത്തെ വി. ബി.എസ്സിനുശേഷം ഞങ്ങൾ കുടുംബമായി യാത്ര ചെയ്ത വാഹനം അപകടത്തിൽ പെടുകയും അതേ തുടർന്ന് ഒന്നര മാസത്തോളം തിരുവല്ല മെഡിക്കൽ മിഷനിൽ ആയിരിക്കുകയും ചെയ്തു.

മരണകരമായ അപകടമായിരുന്നു എങ്കിലും ദൈവം ഞങ്ങളെ അത്ഭുതകരമായി വിടുവിച്ചു. ഈ കാലയളവിൽ അനേകം ദൈവമക്കളുടെ കരുതൽ ഞങ്ങൾക്ക് അനുഭവിക്കുവാൻ ഇടയായി. എന്നാൽ എന്റെ ഭാര്യയുടെ കാല് ഇപ്പോഴും പൂർവ്വസ്ഥിതിയിൽ എത്തിയിട്ടില്ല. ദൈവജനം പ്രാർത്ഥിക്കുമല്ലോ.

തുടർന്ന് അനേകം സ്ഥലം സഭകളിലെ സഹോദരന്മാർ പ്രവർത്തനങ്ങളിൽ സഹായിച്ചു. സീയോൻ മിഷൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ സഹകരണവും ഇവിടുത്തെ പ്രവർത്തനങ്ങൾക്ക് സഹായകമായി. ഡിസംബർ മാസം 24-ാം തീയതി ജോസ് എന്ന സഹോദരന്റെ സ്നാനം നടക്കുവാൻ ഇടയായി. അതേ തുടർന്ന് 25-ാം തീയതി സൂര്യനെല്ലിയിൽ ഒരു കൂടിവരവ് ആരംഭിക്കുവാൻ ദൈവം സഹായിച്ചു. ഈ കാലയളവിൽ ഒക്കെയും ഞങ്ങളുമായി വേലയിൽ സഹകരിച്ച ദൈവദാസന്മാരോട് ഞങ്ങൾക്കുള്ള നന്ദിയും സ്നേഹവും ഈ അവസരത്തിൽ അറിയിച്ചുകൊള്ളുന്നു. തുടർന്നും ഞങ്ങളെ സഭയായും കുടുംബമായും പ്രാർത്ഥനയിൽ ഓർക്കുകയും പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു. എനിക്ക് ഭാര്യയും രണ്ടു മക്കളുമുണ്ട്.

Christian Brethren Church
C/o. Seemon C.V.
Gospel Bhavan, Sooryanelli P.O., Idukki - 685 618

# ഉൽപത്തി പുസ്തകം




ബൈബിളിലെ ആദ്യപുസ്തകം. എബ്രായഭാഷയിൽ ബെരെഷിത് എന്നാണ് ഈ പുസ്തകത്തിന്റെ പേര്. ആദിയിൽ എന്ന് അർത്ഥം.

**എഴുതിയത്** – മോശെ
**എഴുതിയ കാലയളവ്** –
ഏകദേശം ബി.സി. 1600
**എഴുതിയ ഭാഷ** – എബ്രായ
**തീം** – ആരംഭം

1. സൃഷ്ടിയുടെ ആരംഭം
2. പാപത്തിന്റെ ആരംഭം
3. ജീവന്റെയും മരണത്തിന്റെയും ആരംഭം
4. ഭാഷകളുടെ ആരംഭം
5. സംഗീതം, കല, സൃഷ്ടി എന്നിവയുടെ ആരംഭം
6. വീണ്ടെടുപ്പിന്റെ ആരംഭം

**പ്രധാന വ്യക്തികൾ**

1. ആദാമും ഹവ്വയും
2. കയീനും ഹാബേലും
3. ഹാനോക്ക്
4. നോഹ
5. അബ്രഹാം
6. യിസ്ഹാക്ക്
7. യാക്കോബ്
8. യോസേഫ്

**പ്രധാന സ്ഥലങ്ങൾ**

1. ഏദൻ തോട്ടം
2. അരാരാത്ത് പർവ്വതം
3. ഊർ
4. ബാബിലോൺ
5. കനാൻ
6. മിസ്രയീം

**പ്രധാന വിഷയങ്ങൾ**

1. സൃഷ്ടി
2. ദൈവാസ്തിക്യവും സ്വഭാവ വിശേഷതയും
3. പാപവും അനന്തരഫലങ്ങളും
4. ജലപ്രളയവും ഉടമ്പടിയും
5. അബ്രഹാമിന്റെ വിളി
6. സൊദോം ഗോമോറയുടെ നാശം
7. യിസ്ഹാക്കും യിശ്മായേലും
8. യാക്കോബിന്റെ ഉപായം
9. യോസേഫിന്റെ സ്വപ്നം
10. യിസ്രായേൽ ജനം മിസ്രയീമിൽ

**പ്രധാന വാക്കുകൾ**

1. തിരഞ്ഞെടുപ്പ്
2. രക്ഷ 3:15; 4:4
3. വേല – 2:28
4. വിശ്രമം – 2:2,3
5. സാത്താൻ – 3:1–7
6. മരണം 3:3
7. ധാർമ്മികത
8. വിവാഹം 2:1825
9. ആരാധന4:1–7; 28:10–22

**രേഖാരൂപം**

1. മനുഷ്യവർഗ്ഗത്തിന്റെ ചരിത്രം – 1:1–11:30
2. അബ്രഹാമിന്റെ ചരിത്രം – 11:31–25:18
3. യിസ്ഹാക്കിന്റെ ചരിത്രം – 25:19–27:40
4. യാക്കോബിന്റെ ചരിത്രം – 27:41– 37:1
5. യോസേഫിന്റെ ചരിത്രം – 37:2 – 50:26

**സംഗ്രഹം** : ദൈവത്തിന്റെ സൃഷ്ടിയെന്ന നിലയിൽ മനുഷ്യനു ദൈവത്തോടുള്ള കടപ്പാടും അതു നിറവേറ്റുന്നതിലുണ്ടായ വീഴ്ചയുടെ പ്രത്യാഘാതങ്ങളും ഉൽപ്പത്തി പുസ്തകം നമ്മെ അറിയിക്കുന്നു. പതനം സംഭവിച്ച മനുഷ്യനോടുള്ള ദൈവിക സ്നേഹവും അതിനു വിധേയപ്പെടുന്നവരുടെ മേൽ ചൊരിയപ്പെടുന്ന അനുഗ്രഹങ്ങളും നാം ഇവിടെ കാണുന്നു. ദൈവശബ്ദത്തിനു കാതോർത്ത് അനുസരണമുള്ള മക്കളായി ജീവിക്കാനുള്ള ആഹ്വാനമാണ് ഉൽപ്പത്തിപുസ്തകം നമുക്ക് നൽകുന്ന സന്ദേശം.

(**തിരുത്ത്** – കഴിഞ്ഞ ലക്കം വേദവിജ്ഞാനത്തിൽ ബൈബിൾ 4600 ൽപ്പരം വർഷങ്ങൾ കൊണ്ട് പൂർത്തിയാക്കപ്പെട്ടു എന്നത് 1600 ൽപരം എന്നു തിരുത്തി വായിക്കുക)

വേർപാട് സത്യങ്ങൾക്കു വേണ്ടിയും വേർപാട് സഭകളുടെ നന്മയ്ക്കു വേണ്ടിയും നിലകൊണ്ടവരെയും നിലകൊള്ളുന്നവരെയും പരിചയപ്പെടുത്തുന്ന പംക്തി. വേർപാട് സത്യങ്ങൾക്കും സഭകൾക്കും വേണ്ടി നിലകൊണ്ട പിതാക്കന്മാരെക്കുറിച്ച് അറിവുള്ളവർ അവരുടെ ജീവചരിത്രവും അവർ ചെയ്ത സംഭാവനകളും അയച്ചു തന്നാൽ പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. നമ്മുടെ യുവ തലമുറ വേർപാടിന്റെ മഹത്വം മനസ്സിലാക്കാൻ അത് ഉപകരിക്കുമല്ലോ. ഈ പംക്തിയിൽ ആദ്യമായി ഒരു സാഹിത്യ പ്രതിഭയെ ഞങ്ങൾ പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നു. സഹോ. കെ.എ. ഫിലിപ്പുമായി വേർപാട് പത്രാധിപർ ഡോ. ജോൺസൺ സി. ഫിലിപ്പ് നടത്തിയ അഭിമുഖത്തിൽ നിന്നും.

# കെ. എ. ഫിലിപ്പ്



## ഫിലിപ്പ് സാർ എന്ന ബഹുമുഖപ്രതിഭ

വേർപാട് സമൂഹത്തിൽ ചിരപ്രതിഷ്ഠ നേടിയ നാമമാണ് ശ്രീ. കെ.എ. ഫിലിപ്പ് മൈലപ്ര. ക്രിസ്തീയ ന്യായവാദ ശാസ്ത്രം, യുക്തിയും വിശ്വാസവും എന്നീ വിഷയങ്ങളിൽ അഗ്രഗണ്യനായ ഇദ്ദേഹം വേർപാട് സഭകളുടെ ഉന്നമനത്തിനായി അഹോരാത്രം പ്രവർത്തിക്കുന്ന വ്യക്തിയാണ്.

1932ൽ മൈലപ്രയിൽ ജനിച്ച ഇദ്ദേഹം തന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ (1944ൽ) രക്ഷിക്കപ്പെട്ടു. തനിക്ക് ഭാര്യയും (ഗ്രേസിക്കുട്ടി) മൂന്ന് മക്കളും (അബ്രഹാം ജയ്സൺ ഫിലിപ്പ്, ജേക്കബ് ജസ്റ്റസ് ഫിലിപ്പ്, ജോർജ്ജ് ജസ്റ്റിൻ ഫിലിപ്പ്) അഞ്ച് പേരക്കുട്ടികളുമുണ്ട് (ദെബോരാ, സാറാ, ജെയ്ൻ, ജെന്നിഫർ, ജൂലിയ).

## സാഹിത്യസംഭാവനകൾ

കരുത്തുറ്റ തൂലികയ്ക്ക് ഉടമയാണ് ഫിലിപ്പ് സാർ. ലളിതമായ ശൈലിയിൽ ഈടുറ്റ വിഷയങ്ങൾ പ്രതിപാദിക്കാൻ തനിക്കുള്ള പാടവം പ്രശംസനീയമാണ്. 24-ൽപരം ലഘുലേഖകളും വസ്തുതകളെ നേരിടുക, ചിന്തിക്കേണ്ട ചില യാഥാർത്ഥ്യങ്ങൾ തുടങ്ങിയ ചെറു പുസ്തകങ്ങളും താൻ രചിച്ചിട്ടുണ്ട്. ഫിലിപ്പ് സാറിന്റെ മാസ്റ്റർ പീസ് ഗ്രന്ഥം എന്നു വിശേഷിപ്പിക്കാവുന്ന മഹാനായ പൗലോസ് എന്ന പുസ്തകം വേർപാട് സമൂഹത്തിനു ലഭിച്ചിരിക്കുന്ന ഈടുറ്റ ഗ്രന്ഥങ്ങളിലൊന്നാണ്. ജി.എൽ.എസ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൗലോസായി മാറിയ ശൗലിന്റെ ജീവിതത്തെയും മിഷണറി പ്രവർത്തനങ്ങളെയും ജീവിത ദർശനങ്ങളെയും യഥാവിധി അവതരിപ്പിക്കുന്നതിൽ ഫിലിപ്പ് സാറിനുള്ള കഴിവ് മികവുറ്റതാണ്.

ഭാരത സുവിശേഷീകരണത്തിൽ, പ്രത്യേകിച്ചും വേർപാട് സഭകളുടെ പ്രവർത്തനങ്ങൾക്ക് പിന്നിൽ ഫിലിപ്പ് സാറിലെ സാഹിത്യകാരൻ നൽകിയ സംഭാവനകൾ അനിഷേധ്യങ്ങളാണ്. ചിന്തിക്കേണ്ട ചില യാഥാർത്ഥ്യങ്ങൾ എന്ന തന്റെ പുസ്തകം രണ്ട് ലക്ഷത്തിൽപ്പരം കോപ്പികൾ സൗജന്യമായി വിതരണം ചെയ്യപ്പെടുകയുണ്ടായി. സുവിശേഷം എന്ന ദൈവിക പദ്ധതിയെ മനുഷ്യനു നിഷേധിക്കാനാവാത്ത നിലയിൽ അവതരിപ്പിക്കുന്നതിൽ തന്റെ കഴിവ് പ്രശംസനീയമാണ്. ഇരുപത്തിനാലാം വയസ്സിൽ താൻ എഴുതിയ ഈ പുസ്തകം ഇന്നും ജനഹൃദയങ്ങളെ പരിവർത്തനം ചെയ്ത് മുന്നേറുന്നു എന്നത് തന്നിലെ ദൈവകൃപ വെളിപ്പെടുത്തുന്നു.

സാധാരണക്കാരന്റെ ഭാഷയിൽ താൻ എഴുതിയ സുവിശേഷപ്രതികൾ (ലഘുലേഖകൾ) വൈ. എം.ഇ.എഫ്., മാസവേല തുടങ്ങിയ അനേകം ടീം പ്രവർത്തനങ്ങൾക്ക് വലിയ സഹായമായി ത്തീർന്നു. പതിറ്റാണ്ടുകൾക്ക് മുൻപ് തന്നെ സുവിശേഷപ്രവർത്തനങ്ങൾക്ക് മുൻനിരയിൽ നിന്ന ഫിലിപ്പ് സാർ സുവിശേഷ സാഹിത്യങ്ങളുടെ ആവശ്യകത നന്നായി മനസ്സിലാക്കിയിരുന്നു. തനിക്കും തന്റെ സഹപ്രവർത്തകർക്കും ദൈവം നൽകിയ ഉൾക്കാഴ്ചയും ആത്മഭാരവു

മായിരുന്നു ഗോസ്പൽ ട്രാക്റ്റ് സൊസൈറ്റി (മൈലപ്ര)യുടെ രൂപീകരണത്തിനു പിന്നിലെ പ്രേരക ശക്തി. കഴിഞ്ഞ കാലങ്ങളിൽ ലക്ഷക്കണക്കിനു സുവിശേഷപ്രതികൾ അച്ചടിച്ച് വിതരണം ചെയ്യുവാൻ ട്രാക്റ്റ് സൊസൈറ്റിക്ക് സാധിച്ചിട്ടുണ്ട്.

### ദൈവശാസ്ത്ര സംഭാവനകൾ

ബ്രദറൺ സഭകളുടെ ദൈവശാസ്ത്ര സംഭാവനകളിൽ ഉന്നത സ്ഥാനം വഹിക്കുന്ന സ്ഥാപനമാണ് പത്തനംതിട്ടയിലുള്ള ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്. ആ സ്ഥാപനത്തിനു പിന്നിൽ പ്രവർത്തിച്ച പ്രേരകശക്തികളിൽ ഒന്നാണ് ശ്രീ. കെ.എ. ഫിലിപ്പ്. പരേതരായ ശ്രീ. ടി.എം. ജോർജ്ജ് സാറിനും ടി.കെ. ശമുവേൽ സാറിനുമൊപ്പം നിലകൊണ്ട ഫിലിപ്പ് സാർ ഇന്നും ബി.ബി.ഐ.യുടെ അമരക്കാരിൽ ഒരാളായി നിലകൊള്ളുന്നു എന്നത് തന്നിലെ ദൈവശാസ്ത്ര നിലപാട് വെളിപ്പെടുത്തുന്നു. 1989-ൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ, ആദ്യ ദിവസത്തിൽ ആദ്യ ക്ലാസ്സ് എടുക്കുവാനും തുടർന്ന് അക്കാഡമിക് ഡീൻ, പ്രിൻസിപ്പാൾ എന്നീ സ്ഥാനങ്ങൾ അലങ്കരിക്കാനും എനിക്ക് സാധിച്ചു എന്നത് മഹൽ ഭാഗ്യമായി ഞാൻ കരുതുന്നു. അദ്ധ്യാപനരംഗത്ത് താൻ നൽകിവന്ന പ്രോത്സാഹനം അവിടുള്ള മറ്റ് അദ്ധ്യാപകർക്കും പ്രേരകശക്തിയാണ്. അവിടെ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളിലും തന്റെ അവതരണശൈലി സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു.

### സംഗീത രംഗത്തെ സംഭാവനകൾ

തന്റെ മാതാപിതാക്കളിൽ നിന്നും ജന്മാവകാശമായി തനിക്ക് ലഭിച്ച സംഗീത വാസന വേർപാട് സഭകൾക്ക് ഏറെ പ്രയോജനകരമായിത്തീർന്നു. 1920-കളിൽ മഹാകവി. കെ.വി. സൈമൺ സാറിന്റെ ശിഷ്യന്മാരായിരുന്ന ശ്രീ. സി.കെ. കുഞ്ഞിക്ക, കെ.എം. വർഗ്ഗീസ് തുടങ്ങിയവർ മൈലപ്രയിൽ വന്ന് മഹാകവിയുടെ പാട്ടുകൾ പഠിപ്പിക്കുകയും മറ്റും ചെയ്തിരുന്നു. അക്കൂട്ടത്തിൽ അഭ്യസനം നേടിയ ശ്രീ. ടി.കെ. തോമസാണ് ഫിലിപ്പ് സാറിൽ സൈമൺ സാറിന്റെ പാട്ടിനോടുള്ള കമ്പം ഉളവാക്കിയത്. പിന്നീട് കാലചക്ര പരിക്രമണത്തിൽ വിസ്മൃതിയിലാണ്ടുപോയ കെ.വി.എസ് ഗാനങ്ങളെ പുനർജനിപ്പിക്കുവാൻ 1970-കളിൽ ഫിലിപ്പ് സാർ ശ്രദ്ധവെച്ചു. തന്നെയുമല്ല മഹാകവിയുടെ തിരഞ്ഞെടുക്കപ്പെട്ട ഗാനങ്ങൾ കാസറ്റിലാക്കി പ്രചരിപ്പിച്ചത് നിമിത്തം കെ.വി.എസ് ഗാനങ്ങൾ വേർപാട് ഭവനങ്ങളിലെയും സഭയിലെയും അവിഭാജ്യഘടകമായി മാറി. ഭവനപ്രാർത്ഥനകളിലും ആരാധനായോഗങ്ങളിലും ഒഴിവാക്കാനാവാത്ത ഒരു നിലയിലേക്ക് കെ.വി.എസ് ഗാനങ്ങൾ ഉയർന്നതിന് പിന്നിൽ പ്രവർത്തിച്ചത് ഫിലിപ്പ് സാർ ആണെന്നതു വേർപാട് സമൂഹത്തിന് സന്തോഷത്തിനു വക നൽകുന്ന കാര്യമാണ്. തന്നെയുമല്ല ഫിലിപ്പ് സാറും തന്റെ സഹപ്രവർത്തകരും ചേർന്നു കെ.വി.എസ് ഗാനങ്ങളെ സമാഹരിച്ച് വേദവിഹാരം (സംഗീത രത്നാവലി) എന്ന പേരിൽ പ്രസിദ്ധീകരിച്ചു. ഗോസ്പൽ ടാക്റ്റ് സൊസൈറ്റി പ്രസിദ്ധീകരിച്ച ഈ പുസ്തകവും വേർപാട് സഭാ ചരിത്രത്തിലെ നാഴികക്കല്ലുകളിലൊന്നാണ്.

> ബഹുമുഖ പ്രതിഭയായ ശ്രീ. കെ.എ. ഫിലിപ്പ് സാർ വേർപാട് സമൂഹത്തിനുള്ള ദൈവിക വരദാനമാണ്. സരസവും ലളിതവുമായ തന്റെ അദ്ധ്യാപനരീതിയാൽ വിശ്വാസ ഹൃദയങ്ങളിൽ ആഴമായ സ്വാധീനം ചെലുത്തുവാൻ തനിക്ക് സാധിച്ചു . ആത്മീയ ഗീതങ്ങൾ, സണ്ടേസ്ക്കൂൾ പുസ്തകങ്ങൾ, വൈ. എം.ഇ.എഫ്, ബാലസംഘം തുടങ്ങി വേർപാട് സമൂഹത്തിലെ ഏതു പ്രവർത്തനങ്ങൾ എടുത്താലും ഫിലിപ്പ് സാർ എന്ന മഹാപ്രതിഭയുടെ കരസ്പർശം കാണാം.

### വേർപാട് സഭകൾക്ക് ചെയ്ത സംഭാവനകൾ

ഒരു യുവാവായിരുന്ന ശ്രീ. കെ.എ. ഫിലിപ്പ് 1940-കളിൽ വൈ.എം.ഇ.എഫിലെ ഉത്സാഹിയായ പ്രവർത്തകനായിരുന്നു. പിന്നീട് വൈ.എം.ഇ.എഫിന്റെ പ്രസിഡന്റ് പദവി വരെ അലങ്കരിക്കുവാൻ തനിക്ക് ഇടയായി.

ബ്രദറൺ സണ്ടേസ്ക്കൂൾ കമ്മറ്റിയിലെ തന്റെ പങ്കാളിത്തം വേർപാട് സഭകളിലെ വേദാഭ്യാസത്തിനു ഒരു മുതൽക്കൂട്ടായി. പാഠ്യക്രമം, പാഠപുസ്തകം എന്നിവ തയ്യാറാക്കുന്നതിൽ ഈ അദ്ധ്യാപകൻ വഹിച്ച പങ്ക് പ്രശംസനീയമാണ്. സണ്ടേസ്ക്കൂൾ പഠിക്കുന്ന ഓരോ കുട്ടിയോടും വേർപാട് സത്യങ്ങളുടെയും അടിസ്ഥാന ഉപദേശങ്ങളുടെയും പ്രാധാന്യത്തെ ഇദ്ദേഹം അക്ഷരങ്ങളിലൂടെ ബോധ്യപ്പെടുത്തുകയാണ്. സുവിശേഷകൻ ബാലസംഘം പ്രവർത്തനങ്ങളിലും തന്റെ സംഘടനാപാടവവും അദ്ധ്യാപക മികവും താൻ തെളിയിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ, ബഹുമുഖ പ്രതിഭയായ ശ്രീ. കെ.എ. ഫിലിപ്പ് സാർ വേർപാട് സമൂഹത്തിനുള്ള ദൈവിക വരദാനമാണ്. സരസവും ലളിതവുമായ തന്റെ അദ്ധ്യാപനരീതിയാൽ വിശ്വാസ ഹൃദയങ്ങളിൽ ആഴമായ സ്വാധീനം ചെലുത്തുവാൻ തനിക്ക് സാധിച്ചു . ആത്മീയ ഗീതങ്ങൾ, സണ്ടേസ്ക്കൂൾ പുസ്തകങ്ങൾ, വൈ.എം.ഇ.എഫ്, ബാലസംഘം തുടങ്ങി വേർപാട് സമൂഹത്തിലെ ഏതു പ്രവർത്തനങ്ങൾ എടുത്താലും ഫിലിപ്പ് സാർ എന്ന മഹാപ്രതിഭയുടെ കരസ്പർശം കാണാം. ഈ ദൈവദാസനെ ഓർത്ത് നമുക്ക് ദൈവത്തിനു മഹത്വം കരേറ്റാം. ●

▶ പേജ് 2 തുടർച്ച

രക്ഷപ്പെട്ടു എന്നു ചിന്തിക്കവെ അദ്ദേഹം അതും കെടുത്തിക്കളഞ്ഞു. ഞാൻ ചോദിക്കും മുമ്പേ അദ്ദേഹം എന്നോടു പറഞ്ഞു ഈ പ്രകാശം കെടുത്തിയതും നീ തന്നെ. അതു രക്ഷയുടെ പ്രകാശമായിരുന്നു.

എന്റെ ഹൃദയത്തിൽ ദുഃഖം തളം കെട്ടാൻ തുടങ്ങി. ആകെ ഒരു ശൂന്യത. കൂരിരുട്ടിൽ കൂടി അദ്ദേഹം എന്നെ കൈക്കു പിടിച്ചു വലിച്ചു. പെട്ടെന്നെന്റെ ചെവിയിൽ കൂട്ടക്കരച്ചിലിന്റേയും പല്ലുകടിയുടെയും ഞരക്കത്തിന്റേതുമായ ശബ്ദം മുഴങ്ങി. ഞാനാകെ പരിഭ്രമിച്ചു. വിറയലോടെ ഞാൻ ചോദിച്ചു. എന്താണ് ആ ശബ്ദം? നിന്നെപ്പോലെ മുൻപിൽ തെളിയുന്ന പ്രകാശത്തെ കെടുത്തിക്കളയുന്നവർ ചെന്നെത്തുന്ന ദൈവിക ശിക്ഷാവിധിയാകുന്ന നിത്യനരകം. ഞാനാകെ വിയർത്തുപോയി.

കതകിൽ ആരോ ശക്തിയായി മുട്ടുന്നതു കേട്ട് ഞാൻ ഞെട്ടി എഴുന്നേറ്റ് വാതിൽ തുറന്നു. അതു മമ്മിയായിരുന്നു. ടി.വിയ്ക്കു മുമ്പിലിരുന്ന് മയങ്ങിപ്പോയ ഞാൻ എന്റെ നിത്യതയെ കണ്ടു ഭയന്നു പോയിരുന്നു. മമ്മിക്കു മുഖം കൊടുക്കാതെ ഞാൻ എന്റെ മുറിയിൽ ചെന്നു കതകടച്ചു, മുട്ടുകുത്തി എന്റെ പാപങ്ങളെ ഏറ്റുപറഞ്ഞു. യേശുക്രിസ്തുവിനെ എന്റെ ഏകരക്ഷകനും കർത്താവുമായി ഹൃദയത്തിൽ സ്വീകരിച്ചു. എന്റെ ഭയം മാറി.സ ്ർഗ്ഗീയസ ന്തോഷംഎ ന്റെഹ ൃദയത്തിൽ വന്നു.

അന്നു ഞാനൊരു തീരുമാനമെടുത്തു. ഞാൻ ഇനി മുടങ്ങാതെ ബൈബിൾ വായിച്ചു ധ്യാനിക്കും. പ്രാർത്ഥിക്കയും കൂട്ടായ്മ യോഗങ്ങളിൽ കടന്നു പോകയും ചെയ്യും. പീന്നീടൊരിക്കലും ആ വൃദ്ധനെ ഞാൻ കണ്ടില്ല. കാരണം ക്രിസ്തുവിൽ ഞാനൊരു പുതിയ സൃഷ്ടിയായി എന്റെ ജീവിതം അനുഗ്രഹീതമായി. ●




ഈ ക്വിസിൽ ആർക്കും ചേരാം. ശരിയുത്തരം എല്ലാ മാസവും 25 നു മുമ്പ് ലഭിക്കും വിധം അയക്കുക. ഉത്തരകടലാസിൽ പേര്, വയസ്, തൊഴിൽ, സ്ഥലം സഭ തുടങ്ങിയ വിവരങ്ങൾ ചേർക്കണം. ഓരോ ലക്കവും ഓരോ പുസ്തകത്തിൽ നിന്നുമുള്ള ചോദ്യങ്ങൾ നൽകുന്നു. ഉത്തരങ്ങൾക്കൊപ്പം റഫറൻസ് കൂടി നൽകുക. 12 മാസവും തുടർച്ചയായി ശരിയുത്തരം അയക്കുന്നവർക്കു സമ്മാനങ്ങൾ നൽകുന്നതാണ്.

## ഉല്പത്തി പുസ്തകം

1. അവകാശം ഉള്ളവൻ വരുവോളം ചെങ്കോൽ നീങ്ങിപ്പോകാത്തതാരുടെ?
2. വേദപുസ്തകത്തിലെ ആദ്യം പറഞ്ഞിരിക്കുന്ന അലൗകിക ജീവി ഏത് ?
3. ഊസിന്റെ പിതാവ് ആര്?
4. ഭൂമിയിലെ ആദ്യത്തെ വീരൻ ആര് ?
5. കൂലി കൊടുക്കുവാൻ ഇല്ലാത്തത് കൊണ്ട് പണയം വാങ്ങി. ആര് ? ആരുടേത്?
6. സാധനങ്ങൾ – സമ്മാനം കൊടുത്ത് സ്നേഹം നേടുവാൻ നോക്കിയവൻ ആര്
7. യാരെദിന്റെ ആയുഷ്ക്കാലം എത്ര?
8. വസ്ത്രം കീറി അരയിൽ രട്ടുശീല ചുറ്റി ഏറിയ നാൾ മകനെക്കുറിച്ച് ദുഃഖിച്ചത് ആര്?
9. ബൈബിളിൽ ആദ്യമായി പണമിടപ്പാട് നടത്തിയ വ്യക്തി?
10. നിനക്ക് എന്ത്? നീ ഭയപ്പേടേണ്ട. ആര് ആരോട് പറഞ്ഞു?
11. തുടയുടെ ഉളുക്ക് നിമിത്തം മുടന്തി നടന്നതാര്? എവിടെ വച്ചാണ് ഉളുക്ക് ഉണ്ടായത് ?
12. യെഗർ – സാഹദുഥാ എന്ന പേരിന്റെ അർത്ഥം എന്ത്?

**Quiz Master**

അയയ്ക്കേണ്ട വിലാസം :
Anand villa,143, Maveli Nagar
Cochin University P.O.,
Ernakulam 682 022

▶ പേജ് 6 തുടർച്ച



*2010-ൽ മിഷൻ കോൺഫ്രൻസിൽ ട്രസ്റ്റിയായ എം.പി. ഗോഡ്ലിയോടൊപ്പം*

സ്ഥാന ഉപദേശങ്ങളിലേക്കും വേർപാട് സത്യങ്ങളിലേക്കും ഒരു മടങ്ങിവരവിനായുള്ള ആഹ്വാനം നൽകുവാൻ കർത്താവ് ഞങ്ങളെ സഹായിക്കുന്നു.

രഹബോത്തുമായി നല്ല ഒരു ബന്ധം തുടരുവാൻ ഇടയാകുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ബൈബിൾ പഠിക്കണമെന്ന ആഗ്രഹത്തോടെ ഞങ്ങളെ സമീപിക്കുന്ന സഹോദരിമാരെ പലരെയും ആർ.ടി.ഐ.യിലേക്ക് റക്കമെന്റ് ചെയ്യുകയും ആർ.ടി.ഐ. അഡ്മിഷൻ നൽകുകയും ചെയ്തിരുന്നു. 2010-ൽ രഹബോത്തിൽ നടന്ന മിഷൻ കോൺഫ്രൻസിൽ മിസ്ട്രഷറിന്റെയും മാനേജർ ജിജുവിന്റെയും പ്രത്യേക ക്ഷണപ്രകാരം പങ്കെടുക്കുവാനും ഞങ്ങൾക്ക് സാധിച്ചു. തുടർന്ന് 2011ൽആർ.ടി.ഐ.യിൽ ക്ലാസ്സ് എടുക്കുന്നതിനും രഹബോത്തുമായി വിവിധ വിഷയങ്ങളിൽ ആശയവിനിമയം നടത്തുന്നതിനും ഇടയായിക്കൊണ്ടിരുന്നു.

ആർ.ടി.ഐ.യുടെ സ്ഥാപനത്തിലും വളർച്ചയിലും ചെറിയ ഒരു പങ്കു വഹിക്കുവാനിടയായതിൽ ഞങ്ങൾ സന്തുഷ്ടരാണ്. വേർപാടുകാരായ പെൺകുട്ടികൾക്ക് ഭയാശങ്കളില്ലാതെ വചനം പഠിക്കുവാനും ഡിഗ്രികൾ സ്വന്തമാക്കുവാനും ഇത്രയും നല്ല ഒരു സ്ഥാപനം വേറെയില്ല. ഈ വർഷം അഞ്ചാമത്തെ ബാച്ചാണ് ഗ്രാജുവേറ്റ് ചെയ്യുന്നത്. അവിടെ പഠിച്ചിറങ്ങുന്ന എല്ലാവരും തന്നെ ആത്മീയ ശുശ്രൂഷാ രംഗത്ത് ശോഭിക്കുന്നു. (സ്ഥലപരിമിതി മൂലം ഞങ്ങൾ ചുരുക്കമായി മാത്രം കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. കൂടുതൽ വിവരങ്ങളടങ്ങിയ - RTI - Memories of a Great Institution എന്ന പുസ്തകം ഞങ്ങളുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

www.BrethrenAssemblyNews.com



ആർ.ടി.ഐ.യുടെ പണിതീർന്ന കെട്ടിടം. 2011-ൽ എടുത്ത ചിത്രം

ആർ.ടി.ഐ.യുടെ സ്ഥാപനത്തിലും വളർച്ചയിലും ചെറിയ ഒരു പങ്കു വഹിക്കുവാനിടയായതിൽ ഞങ്ങൾ സന്തുഷ്ടരാണ്. ഈ വർഷം അഞ്ചാമത്തെ ബാച്ചാണ് ഗ്രാജുവേറ്റ് ചെയ്യുന്നത്. അവിടെ പഠിച്ചിറങ്ങുന്ന എല്ലാവരും തന്നെ ആത്മീയ ശുശ്രൂഷാ രംഗത്ത് ശോഭിക്കുന്നു.

# വിനയം നല്ല മാതൃക

സി.ഒ. ഡേവിസ്, ത്രിപുര



ദൈവമുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും സ്വീകാര്യതയും മാന്യതയും ലഭിക്കുന്ന സ്വഭാവഗുണമാണ് വിനയം. സ്വന്തം കഴിവിൽ ആശ്രയിക്കാതെ തന്റെ പരിമിതി മനസ്സിലാക്കി വിനയപ്പെടുമ്പോൾ വിജയം കൈവരും. പരാക്രമ ശാലിയായ ഗിദയോൻ ദൈവമുമ്പാകെ വിനയപ്പെട്ടതുകൊണ്ട് തനിക്ക് യിസ്രായേലിന്റെരക്ഷകനെന്നനിലയിൽ ശോഭിക്കാൻ സാധിച്ചു (ന്യായ. 6:24) ദൈവജനത്തിനിടയിൽ ആത്മീക ശോഷണവും അടിമത്വവും ഉണ്ടാകുമ്പോൾ എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്ന് അന്വേഷിക്കുന്നത് ഉത്തമനായ വിശ്വാസിക്കുണ്ടായിരിക്കേണ്ട ഗുണമാണ്. കാരണം കണ്ടെത്തികഴിയുമ്പോൾ ദൈവത്തിൽ ആശ്രയിക്കുകയും നവീകരണത്തിന്റെ ആദ്യചുവടു വയ്ക്കുകയും വേണം. സവിനയം ജീവിക്കുന്ന വ്യക്തിക്കു മാത്രമേ കർത്താവിന് പ്രസാദകരമായ നിലയിൽ ആരാധിക്കുവാനും കർത്താവിനെ അനുസരിക്കുവാനും സാധിക്കുകയുള്ളൂ. വേർപെട്ട വിശ്വാസികളായ നാം ഗിദയോനെപ്പോലെ ശുഷ്ക്കാന്തിയും വിനയവും ഉള്ളവരായിരിക്കണം. അലസന്മാരുടെ മനസ്സ് പിശാചിന്റെ പണിപ്പുര എന്നല്ലോ ജ്ഞാനമൊഴി. മുളന്തുരുത്തി ബ്രദറൺ യൂത്ത് മീറ്റിംഗിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.


**ഇനി മലയാളത്തിലും ദൈവശാസ്ത്രം പഠിക്കാം....**

**ദൈവശാസ്ത്രത്തിൽ ഡിഗ്രികൾ കരസ്ഥമാക്കാം.... തികച്ചും സൗജന്യമായി**



## അസംബ്ലി ബൈബിൾ സ്കൂൾ

**Affiliated to Scofield school of theology, USA**

**സവിശേഷതകൾ**

- മലയാളത്തിൽ ഇപ്പോൾ ബി.റ്റി.എച്ച്, എം.ബി.എസ്. ബിരുദങ്ങൾ.
- കോഴ്സ് തികച്ചും സൗജന്യം.
- പാഠപുസ്തകങ്ങൾ എല്ലാം മലയാളത്തിൽ.
- പാഠപുസ്തകങ്ങൾ ഇന്റർനെറ്റിൽ
- വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി സ്വന്തമാക്കാം.
- 3 വർഷം മുതൽ 4 വർഷം വരെ പഠിതാവിന്റെ സൗകര്യാർത്ഥം കാലാവധി ദീർഘിപ്പിക്കാനുള്ള സൗകര്യം.
- പരീക്ഷയുടെ ഉത്തരങ്ങൾ ഇന്റർനെറ്റിലും തപാലിലും അയയ്ക്കാനുള്ള സൗകര്യം.
- 17 വയസ്സിനു മുകളിൽ പ്രായമുള്ള ആർക്കും ചേർന്നു പഠിക്കാം.
- ജോലിക്കാർക്കും വീട്ടമ്മമാർക്കും ചേർന്നു പഠിക്കാനുള്ള സൗകര്യം.
- സെക്കുലർ പഠനത്തെയോ ജോലിയെയോ ബാധിക്കാതെ പഠിക്കാം.

മലയാളത്തിൽ ഇത്തരം ഒന്ന് ഇതാദ്യം.

അഡ്മിഷൻ നേടൂ.... ഇഷ്ടാനുസരണം പഠിക്കൂ.....

**പ്രോസ്പെക്ടസിനും അപേക്ഷാഫോറത്തിനും ഇന്നുതന്നെ ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.**

**http://ABS.Itz4u.com**

If Undelivered Please return to

LOGOS BHAVAN
Maneed P.O.
Ernakulam 686726
Kerala

PRINTED MATTER

TO.




**This Publication is owned by Dr. Saneesh Cherian and Printed at Maptho Printings, Kalamassery for Brethren Research Group**